NERVEEDHI

Volume -13, Issue -10, 10th October 2024, Monthly, Price ₹ 25, Published at Kottayam
വാല്യം-13, ലക്കം-10, ഒക്ടോബർ 2024 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## മനസ്സ് ആരോഗ്യമുള്ളതാവട്ടെ...

പേജ് 16

Editorial

# ലക്ഷ്യബോധം സർവ്വപ്രധാനം

ക്രിസ്തീയ വിശ്വാസികളുടെ ഇടയിൽത്തന്നെ വ്യത്യസ്ത ലക്ഷ്യങ്ങളോടെ ജീവിക്കുന്നവർ നമുക്ക് പരിചിതരാണല്ലോ. ഉദാഹരണത്തിന് ചിലർക്ക് സാമ്പത്തികവിഷയങ്ങളും മറ്റുചിലർക്ക് രോഗസൗഖ്യവും ചിലർക്ക് സ്ഥാനമാന പദവി ലബ്ധികളും ഇനിയും ചിലർക്ക് ധനസമ്പാദനവും എന്നിങ്ങനെ നീണ്ടുപോകുന്നു ഈ ലിസ്റ്റ്. ഏന്നാൽ സൂക്ഷ്മതയോടെ വിലയിരുത്തിയാൽ ഇതെല്ലാം വെള്ളത്തിലെ കുമിള പോലെ ക്ഷണഭംഗുരമാണ് എന്ന് കാണാം. ഈ ആയുസ്സിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്കു വേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നവർ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ എന്ന് തിരുവെഴുത്തു മുന്നറിയിപ്പു നൽകുന്നു.

ആത്മികജീവിതത്തിൽ ഒരേയൊരു ലക്ഷ്യം മാത്രം ആണ് നമുക്ക് ഉണ്ടായിരിക്കേണ്ടത്. നമ്മെക്കാണുന്നവർ, ക്രിസ്തുവിനെ നമ്മിൽക്കാണുവാൻ തക്കവണ്ണം വിശുദ്ധിയിലും വേർപാടിലും പാപത്തോടു പോരാടുന്നവരായും ജീവിക്കണം. തുടർന്ന് തേജസ്കരിക്കപ്പെട്ടു കർത്താവിന്റെ വരവിൽ എടുക്കപ്പെടുക എന്ന ലക്ഷ്യത്തോടു കൂടെ നാം ഈ പാപലോകത്തിൽ ജയാളികളായി ജീവിക്കണം.

ഈ ലക്ഷ്യത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കുന്ന പ്രലോഭനങ്ങളോ പരീക്ഷകളോ പിശാചിന്റെ കെണികളോ കുടുക്കുകളോ ഒക്കെ വചനവെളിച്ചത്തിൽ തിരിച്ചറിഞ്ഞു കൃപയാൽ അതിനെ അതിജീവിക്കണം. ഈ അനുദിന ലക്ഷ്യം പ്രായോഗികമാക്കുന്നത്, ആത്യന്തികലക്ഷ്യമായ തേജസ്കരണത്തിലേക്ക്, അതായത് കർത്താവിന്റെ വരവിൽ ശരീരരൂപാന്തരം പ്രാപിച്ചു മേഘങ്ങളിൽ കർത്താവിനോടു കൂടെ എടുക്കപ്പെടുന്നതിനു നിദാനമാകും. കണ്ണുനീരോ ദു:ഖമോ മുറവിളിയോ ഒന്നുമില്ലാത്ത, നിത്യതയിൽ, കർത്താവിനോടൊപ്പം ആയിരിക്കുന്ന അവർണ്ണനീയ ജീവിതാനുഭവം അവകാശമാക്കുന്നതായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യം. ഇപ്രകാരം ലക്ഷ്യബോധത്തോടെയുള്ള ആത്മീയജീവിതം ദൈവനാമത്തിനു മഹത്വം നല്കുന്നു എന്നുള്ളതിനാണ് ഈ ലക്കത്തിലെ സന്ദേശം പ്രത്യേക പ്രാധാന്യം നൽകുന്നത്.

ആനുകാലിക സംഭവങ്ങൾ തിരുവചന വെളിച്ചത്തിൽ വിലയിരുത്തുമ്പോൾ കർത്താവിന്റെ വരവ് വളരെ സമാഗതമായി എന്ന് ബോധ്യപ്പെടാവുന്നതാണ്. അതുകൊണ്ടു ഭൗതികലക്ഷ്യങ്ങളെല്ലാം വലിച്ചെറിഞ്ഞ് നിത്യതയെ ലക്ഷ്യമാക്കി നമ്മുടെ ആത്മികയാത്ര ഗൗരവമായി നയിക്കേണ്ടതാണ്. ലക്ഷ്യബോധമാണ് സർവ്വത്തിലും പ്രധാനം. ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവരുടെ ആവശ്യങ്ങൾ ദൈവം നിറവേറ്റും എന്ന വാഗ്ദത്തവും നമുക്കുണ്ട്. ആകയാൽ ഈ വിഷയങ്ങളിൽ നാം ഭാരപ്പെടേണ്ടതില്ല.. ഭാരങ്ങളെല്ലാം കർത്താവിന്റെ മേൽ വച്ച് ലക്ഷ്യബോധത്തോടെ നമുക്ക് മുന്നേറാം. കരുതുന്ന കർത്താവിനെക്കുറിച്ചു ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ പ്രതിപാദിക്കുന്നതാണ് ഈ ലക്കത്തിലെ എല്ലാ ലേഖനങ്ങളും. അതീവശ്രദ്ധയോടെ വായിച്ചു അനുഗ്രഹീതരാകണമേയെന്ന പ്രാർത്ഥനയോടെ ഈ ലക്കവും സമർപ്പിക്കുന്നു.

പുസ്തകം 13 ലക്കം 10
ഒക്ടോബർ 2024

# ഈ ലക്കത്തിൽ

**ലക്ഷ്യം ദൈവമഹത്വമോ?** 4
ജോയ് എം. തോമസ്

**കഷ്ടങ്ങളിലും നിലനിൽക്കുവാൻ** 7
സാജു മാത്യു

**മാനസാന്തരത്തിലേക്കു പുതുക്കപ്പെടാൻ...** 9
ചെയ്സ് ജോസഫ്

**നിഷേധിക്കാനാവാത്ത പരമസത്യം** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ദുർബ്ബലനാക്കപ്പെടുന്ന ബലവാൻ...** 13
വാച്ച്മാൻ നീ

**മനസ്സ് ആരോഗ്യമുള്ളതാവട്ടെ...** 16
പി .വി വർഗീസ്

**ക്രിസ്തീയ ജീവിതത്തിന്റെ മാധുര്യം** 18
ഷാജി ഉമ്മൻ

**ധീരമായ ദൈവിക ഉടമ്പടി** 20
ജോൺസൺ കടമ്പനാട്

**ഉപദേശത്തിൽ വ്യക്തതയുണ്ടായിരുന്ന ഉപദേഷ്ടാവ്** 22
ജോയ് എം. തോമസ്

**വനിതാ വീഥി** 23
സുജ വിനു

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**സമാപ്തിക്കുറിപ്പ്** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.
**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos



ജോയ് എം തോമസ്

# ലക്ഷ്യം ദൈവമഹത്വമോ?

**നാം** എല്ലാവരും വ്യത്യസ്ത സാഹചര്യങ്ങളിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. എല്ലാവർക്കും അവരവരുടേതായ പ്രശ്നങ്ങളും വെല്ലുവിളികളും ജീവിതത്തിലുണ്ട്. നമുക്ക് ഇഷ്ടമില്ലാത്തതും ബോറടിപ്പിക്കുന്നതും ആയ കാര്യങ്ങൾ ചെയ്യുവാൻ ചിലപ്പോൾ നമ്മുടെ സാഹചര്യം നമ്മെ നിർബന്ധിച്ചു എന്ന് വരാം. ചിലപ്പോൾ നാം ചെയ്യുന്ന ജോലികളിൽ, നിർവഹിച്ചു വരുന്ന ചില ഉത്തരവാദിത്വങ്ങളും കടമകളും എല്ലാം വൃഥാവായിത്തോന്നാം എന്നും വരാം. അതൊക്കെ സമയനഷ്ടമായോ സ്വാതന്ത്ര്യക്കുറവായോ അനുഭവപ്പെടുന്നുണ്ടാകാം. അത്തരം സാഹചര്യങ്ങളിൽ പരാതിയും പരിഭവവും പിറുപിറുപ്പും ഉള്ളവരായി മാറുവാനുള്ള സാധ്യത വളരെയാണ്. നാം എന്താണ് ഇപ്പോൾ വാസ്തവത്തിൽ ചെയ്യേണ്ടത്? നാം നമ്മോടു തന്നെ ചോദിക്കേണ്ട പ്രധാന ചോദ്യം ഇതാണ്. നമ്മുടെ ജീവിതോദ്ദേശ്യം എന്താണ്? നാം ചെയ്യുന്ന ഓരോ കാര്യങ്ങളുടെയും ആത്യന്തിക ലക്ഷ്യം എന്താണ്? നാം ചെയ്യുന്ന കാര്യങ്ങൾ നമ്മെ ലക്ഷ്യത്തിലെത്തിക്കും എന്നുറപ്പുണ്ടെങ്കിൽ അവ ശരിയായിട്ടുള്ളവയാണ്. ലക്ഷ്യത്തിലെത്തും എന്നതാണ് അത് ചെയ്യുന്നതിൽ നാം കണ്ടെത്തുന്ന സന്തോഷം.

നമ്മുടെ ജീവിതം ക്രിസ്തുവിന്റെ വരവിൽ എടുത്തുകൊള്ളപ്പെടേണ്ടതിന് നമ്മെ യോഗ്യരാക്കുന്നതായിരിക്കണം. ആ ലക്ഷ്യത്തോടെ ജീവിക്കുന്നവർ തങ്ങൾ ചെയ്യുന്നതെല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുന്നു. 'ദൈവമഹത്വം' എന്ന ലക്ഷ്യത്തോടെ ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതം അർത്ഥമുള്ളതായിരിക്കുന്നത്. മാത്രമല്ല നമ്മുടെ ജീവിതം മറ്റുള്ളവർക്ക് പ്രചോദനവും ഒരു മാതൃകയും ആശ്വാസവും ആയിരിക്കും.

അപ്പോസ്തലനായ പൗലോസിൽക്കൂടി നമുക്ക് നൽകിയിരിക്കുന്ന പ്രബോധനം ശ്രദ്ധിക്കുക. 'ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്ത് ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുക' (1 കൊരിന്ത്യർ 10:31). ഇത് ഏറ്റവും ഉന്നതമായ ജീവിത വീക്ഷണമാണ് *'എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുക' എന്നത്!*. ഈ ചിന്ത നമ്മിൽ പ്രബലപ്പെട്ടാൽ നമ്മുടെ ജീവിതം ശരിയായ ദിശയിൽ സ്ഥിരതയോടെ മുന്നേറുന്നതാകും. ഓരോ ദിവസവും, നമ്മുടെ ജീവിതത്തെ ഈ മാനദണ്ഡം ഉപയോഗിച്ച് വിലയിരുത്തി ക്രമീകരണങ്ങൾ വരുത്തിയാൽ നാം ആത്മീയ അച്ചടക്കം പരിശീലിക്കുന്നവരാവും, ജീവിതം കൂടുതൽ ഫലപ്രാപ്തി ഉള്ളതായും തീരും.

വിഗ്രഹാർപ്പിതം തിന്നുന്നത് അനുവദനീയമാണോ എന്ന സംശയമായിരുന്നു കൊരിന്തിലെ വിശ്വാസികൾക്കിടയിൽ ഉണ്ടായിരുന്ന ഒരു പ്രശ്നം. *അതിനു മറുപടി നൽകുമ്പോഴാണ് 'ദൈവമഹത്വം' എന്ന മാനദണ്ഡത്തെക്കുറിച്ചു പൗലോസ് പറയുന്നത്. നമ്മുടെ പ്രവർത്തികൾ, ഭക്ഷണം, ജീവിതശൈലി തുടങ്ങി എല്ലാം ഈ മാനദണ്ഡത്തിലാണ് ശരിയോ തെറ്റോ എന്ന് നാം സ്വയം വിലയിരുത്തേണ്ടത്.* ദൈവത്തിന് എന്നിലൂടെ മഹത്വം ലഭിക്കണം എന്ന ദൃഢേച്ഛയോടെ നാം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥമായും സമാധാനവും സന്തോഷവും അനുഭവിക്കുക.

നാം ചെയ്യുന്നതെല്ലാം ദൈവത്തിന് പ്രധാനമാണ്. ആ ഗൗരവബോധം നമ്മിൽ ഉണ്ടായിരിക്കണം. നിത്യതയിൽ നാം എത്ര പ്രതിഫലയോഗ്യരായിരിക്കുന്നു എന്നത് നിശ്ചയിക്കുന്നത് നമ്മുടെ ഇന്നത്തെ ജീവിതം ആണെന്നുള്ളത് ഓർക്കണം. തുടർന്നു കുറിക്കുന്ന വാക്യം ശ്രദ്ധിക്കുക: 'നിങ്ങൾ ചെയ്യുന്നതെല്ലാം മനുഷ്യർക്ക് എന്നല്ല കർത്താവിന് എന്നപോലെ മനസ്സോടെ ചെയ്യുവിൻ. അവകാശമെന്ന പ്രതിഫലം കർത്താവ് തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ' (കൊലോസ്യർ 3:23,24)

*'നിങ്ങൾ ചെയ്യുന്നത് ഒക്കെയും' എന്ന പ്രയോഗം നമ്മുടെ എല്ലാ മേഖലകളിലും ഉള്ള സമസ്ത പ്രവൃത്തികളെയും ഉൾക്കൊള്ളിക്കുന്നതാണ്.* നമ്മുടെ ഭൗതികജീവിതവും ആത്മീയജീവിതവും അതിൽപ്പെടുന്നു. വീടു പരിപാലനവും ജോലിയും മക്കളുടെ പരിപാലനവും ബിസിനസോ വിനോദങ്ങളോ... എല്ലാം ഇതിൽ ഉൾപ്പെടുന്നു. നിങ്ങൾ ചെയ്യുന്നതെല്ലാം ദൈവത്തെ മഹത്വപ്പെടുത്തുവാൻ അഥവാ ആരാധിക്കാനുള്ള അവസരമായി കാണണം. അതുകൊണ്ട് കർത്താവിന് അംഗീകാരയോഗ്യമായത് മാത്രം ചെയ്യണം. അതും കർത്താവിന് എന്നപോലെ ചെയ്യണം. വിശ്വസ്തതയും ആത്മാർത്ഥതയും സത്യസന്ധതയും എല്ലാം നമ്മുടെ പ്രവൃത്തികളെ മികവേറിയതാക്കണം. എല്ലാം ഉത്സാഹത്തോടും സന്തോഷത്തോടും ചെയ്യണം. ദൈവം നമ്മിലൂടെ മഹത്വപ്പെടുന്നതാണ് നമുക്കുള്ള ഏറ്റവും വലിയ പ്രതിഫലം.

ദൈവത്തെ ആരാധിക്കുന്നതിനേക്കാൾ അധികം സന്തോഷം മറ്റ് എന്തിലൂടെയെങ്കിലും നമുക്ക് ലഭിക്കുമോ? യഥാർത്ഥ ആത്മീയന് അതിലുപരി സന്തോഷം നൽകുന്ന മറ്റൊന്നുമില്ല. നാം ചെയ്യുന്നതെല്ലാം ദൈവമഹത്വത്തിനായി ചെയ്യുമ്പോൾ നമ്മുടെ പ്രവൃത്തികളിലൂടെ ദൈവം ആരാധിക്കപ്പെടുകയാണ്. ഈ കാഴ്ചപ്പാടിലാണ് നാം ചെയ്യുന്ന ഓരോ കാര്യങ്ങളെയും കാണേണ്ടത്. എല്ലാറ്റിൽ കൂടെയും ദൈവത്തെ സേവിക്കുകയും ആരാധിക്കുകയും ചെയ്യുന്നതായി നിങ്ങൾ കണ്ടുതുടങ്ങുമ്പോൾ ജീവിതം എത്ര അർത്ഥമുള്ളതാണെന്നും സന്തോഷകരമാണെന്നും സ്വയം മനസ്സിലാകും.

ക്രിസ്തുവിനെ ഹൃദയത്തിൽ ആരാധിച്ചുകൊണ്ട് എല്ലാം കർത്താവിനായി എന്ന വീക്ഷണത്തോടെ ചെയ്യുമ്പോൾ നമ്മുടെ ബോറടി മാറുന്നു. ഉത്സാഹവും സംതൃപ്തിയും നമ്മെ ഭരിക്കുന്നു. *ദൈവസാന്നിധ്യം എപ്പോഴും എല്ലായിടത്തും നാം അനുഭവിക്കുന്നു.* പൊത്തിഫറിന്റെ വീട്ടിൽ ഒരു അടിമയായി ജോലി ചെയ്യുമ്പോൾ യോസഫ് ദു:ഖിതനും നിരാശനും ആകാതെ കൃതാർത്ഥനായിത്തീർന്നതിന്റെ രഹസ്യം ഇതുതന്നെ ആയിരുന്നു. തന്റെ ജീവിതത്തിൽ സംഭവിച്ചതെല്ലാം തന്നെക്കുറിച്ചുള്ള ദൈവപദ്ധതിയുടെ ഭാഗമായി താൻ മനസ്സിലാക്കി. യഹോവ യോസഫിനോട് കൂടെ ഉണ്ടായിരുന്നു. ഈ അനുഭവം പ്രാപിക്കുന്നവർക്ക് അവർ ചെയ്യുന്നതിലെല്ലാം സന്തോഷിക്കുവാൻ കഴിയും. നിത്യതയിൽ ഒരു പ്രതിഫലം തങ്ങൾക്കുണ്ട് എന്ന നിശ്ചയവും അവർക്കുണ്ട്.

മറ്റൊരു വാക്യം കൂടി ഇവിടെ കുറിക്കട്ടെ: 'വാക്കിനാലോ ക്രിയയാലോ എന്ത് ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ' (കൊലോസ്യർ 3: 17). നമ്മുടെ ജീവിതം ക്രിസ്തുകേന്ദ്രീകൃതമായിരിക്കണം എന്നാണ് ഈ വാക്യം അർത്ഥമാക്കുന്നത്. പിതാവായ ദൈവത്തോട് നന്ദിയുള്ള, അവിടുത്തേക്ക് സ്തോത്രങ്ങൾ അർപ്പിക്കുന്ന ജീവിതം. *'വാക്കിനാലോ ക്രിയയാലോ എന്ത് ചെയ്താലും'* എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സകലത്തിലും ദൈവത്തിനു മഹത്വം കൊടുക്കുക എന്ന ജീവിതവീക്ഷണം നമ്മെ എത്ര അച്ചടക്കത്തിന് വിധേയമാക്കുന്നു എന്ന് ചിന്തിക്കുക. സംസാരത്തിലും പ്രവൃത്തിയിലും അനാവശ്യമായ ഒന്നും വരാതിരിക്കുവാൻ നാം ശ്രദ്ധിക്കുന്നു. *യേശുവിന്റെ നാമത്തിലല്ലാതെ നമുക്കൊന്നും ചെയ്യുവാനില്ല എന്ന ഉന്നതമായ*

*കാഴ്ചപ്പാട് നമുക്കുണ്ടോ?*

ജീവിതത്തിൽ നിങ്ങളിൽ ആരെങ്കിലും അതൃപ്തരാണോ? ഉത്സാഹം ഇല്ലാത്തവരും നിരാശയെ താലോലിക്കുന്നവരും ആയിത്തീർന്നുവോ? എവിടെയാണ് താളപ്പിഴ സംഭവിച്ചതെന്ന് ചിന്തിക്കുക. 'എല്ലാം ദൈവമഹത്വത്തിന്' എന്ന ലക്ഷ്യത്തിൽ നിന്നും ജീവിതം വ്യതിചലിച്ചുവോ എന്ന് ചിന്തിക്കുക. ജീവിതത്തിൽ എന്തെല്ലാം ക്രമീകരണം വരുത്തണമെന്ന് പരിശോധിക്കുക. ദൈവസന്നിധിയിൽ സ്വയം താഴ്ത്തുകയും സമർപ്പിക്കുകയും ചെയ്യുക. ഇപ്പോൾത്തന്നെ നാം അതിനു തയ്യാറായാൽ ബുദ്ധിമാന്മാർ ആയിത്തീരും.

'എല്ലാം അങ്ങേ മഹത്വത്തിനായി, എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായി' എന്ന് നല്ല ശബ്ദത്തിൽ നാം പാടാറുണ്ട്. പക്ഷേ ഫലത്തിൽ നമ്മുടെ ജീവിതം അങ്ങനെയാണോ? മാനവും മഹത്വം നമുക്ക് വേണം എന്ന ദുരാഗ്രഹം നമ്മിൽ പിടിമുറുക്കിയിട്ടില്ലേ? സ്വയപരിശോധന വളരെ അത്യാവശ്യമാണ്. പിതാവിന്റെ മഹത്വത്തിനായി മാത്രം ജീവിച്ച, പ്രവർത്തിച്ച ക്രിസ്തുവാണ് നമുക്ക് മാതൃക. അവിടുത്തെ വാക്കുകൾ ശ്രദ്ധിക്കുക: 'ഞാൻ ഭൂമിയിൽ അങ്ങയെ മഹത്വപ്പെടുത്തി. അങ്ങ് എനിക്ക് ചെയ്യുവാൻ തന്ന പ്രവൃത്തി തികച്ചുമിരിക്കുന്നു' (യോഹന്നാൻ 17 :3).

എത്ര വലിയ ചാരിതാർത്ഥ്യം! എത്ര വലിയ സാക്ഷ്യം! നമ്മുടെ ഓരോരുത്തരുടെയും ജീവിതാവസാനത്തിങ്കൽ ഇപ്രകാരം ഒരു സാക്ഷ്യം പറയുവാൻ പ്രാഗല്ഭ്യം ഉണ്ടായിരിക്കുമോ? 'ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു' (2 തിമോഥെയോസ് 4:7) എന്നുപൗലോസിന് പറയുവാൻ കഴിഞ്ഞല്ലോ. ജീവിതവിജയത്തിന്റെ സാക്ഷ്യം അല്ലേ അത്? നമുക്കും ഈ മാതൃക പിന്തുടരാം. വാക്കിലും പ്രവൃത്തിയിലും ചെയ്യുന്നതെല്ലാം ദൈവത്തിന്റെ മഹത്വത്തിനായി മാത്രം! •

# ഇച്ഛകളെ ബോധപൂർവം പിടിച്ചടക്കണം

**ഹഠാതാകർഷിക്കുന്ന നിരവധി കാഴ്ചകളും ഉപകരണങ്ങളും മേൽക്കുമേൽ വർധിച്ചു വരുന്ന ഒരു കാലയളവിലാണ് നാം ആയിരിക്കുന്നത്. നയനാനന്ദകരമായ പലതിന്റെയും പിന്നാലെ മനുഷ്യർ പരക്കം പായുന്ന ഒരു കാലം. ഇവയൊക്കെ വെള്ളത്തിലെ കുമിള പോലെ മിന്നിമറയുന്നതാണെന്നു ഗ്രഹിക്കാൻ കഴിയാത്ത അവസ്ഥ. നിലനിൽക്കാത്തവയ്ക്കു വേണ്ടി അടക്കാൻ കഴിയാത്ത ആഗ്രഹത്തെ താലോലിക്കുന്നവർ ആയിരിക്കരുത് നാമാരും. മനസ്സിലേക്ക് ഇടിച്ചു കയറി നമ്മെ സ്വാധീനിക്കുന്ന പരസ്യങ്ങൾ ദോഷകരമാണെന്ന് നാം തിരിച്ചറിയണം. അന്ധമായ അനുകരണം ഗുണകരമല്ലെന്നും പ്രത്യുത ആപൽക്കരമാണെന്നും മനസ്സിലാക്കി ഇന്ദ്രിയങ്ങളെയും ഇച്ഛകളെയും ബോധപൂർവം പിടിച്ചടക്കണം. ദൈവഹിതാനുസരണം ജീവിച്ചു നമ്മിലൂടെ ദൈവനാമം മഹത്വപ്പെടുന്നു എന്ന് ഉറപ്പു വരുത്തണം. വചനാനുസൃതമല്ലാത്ത ആഗ്രഹങ്ങളോ അഭിലാഷങ്ങളോ മനസ്സിൽ താലോലിക്കരുത്. ഭൗതികവിഷയങ്ങളുടെമേലുള്ള പിടി അയച്ചു, നിലനിൽക്കുന്ന, സ്വർഗീയമായ, നിത്യത മുഴുവൻ നിലനിൽക്കുന്ന കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുക. 'പിമ്പിലുള്ളതിനെ മറന്ന് മുമ്പിലുള്ളതിനായി ആഞ്ഞുംകൊണ്ടു പരമവിളിയുടെ ലാക്കിലേയ്ക്ക് സ്ഥിരതയോടെ നമുക്ക് ഓടാം'. ദൈവനാമ മഹത്വമായിരിക്കട്ടെ നമ്മുടെ ഫോക്കസ്.**



സാജു മാത്യു

# കഷ്ടങ്ങളിലും നിലനിൽക്കുവാൻ...

*നാം കഷ്ടമനുഭവിക്കേണ്ടിവരും എന്നു ഞങ്ങൾ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ മുമ്പു കൂട്ടി പറഞ്ഞിട്ടുണ്ട്; അവ്വണ്ണം തന്നെ സംഭവിച്ചു എന്നു നിങ്ങൾ അറിയുന്നു (1 തെസ്സലോനിക്യർ 3:4).*

**ഒ**റീസയിൽ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടപ്പോൾ അന്ന് വാർത്തകളിൽ നിറഞ്ഞുനിന്നിരുന്ന ഒരു ചിത്രമുണ്ടായിരുന്നു- തീപ്പൊള്ളലേറ്റ് മുഖമെല്ലാം വികൃതമായ ഒരു പെൺകുട്ടിയുടെ ചിത്രം! വിയറ്റ്നാമിൽ നാപ്പാം ബോംബിന്റെ ഇരയായി സ്ഫോടനത്തിന്റെ സമയത്ത് നഗ്നയായി ഓടുന്ന പെൺകുട്ടിയുടെ ചിത്രം വിയറ്റ്നാംയുദ്ധത്തിന്റെ ചിഹ്നമായിത്തീർന്നതുപോലെ. ഒറീസാ പീഡനത്തിന്റെ ചിഹ്നമായി ഒറീസായിലെ ഈ ചിത്രം വാർത്താമാധ്യമങ്ങളെല്ലാം ഉപയോഗിച്ചു. നമ്രത എന്നായിരുന്നു ആ പെൺകുട്ടിയുടെ പേര്. കന്ദമാലിലെ റയ്ക്കിയ എന്ന സ്ഥലത്തിനടുത്തുള്ള ഒരു ഗ്രാമത്തിലായിരുന്നു ഈ പെൺകുട്ടിയുടെ വീട്. പീഡകർ കന്ദമാലിൽ വാളും വടിയും തോക്കും പെട്രോളുമായി ക്രിസ്ത്യാനികളെ തെരഞ്ഞുപിടിച്ചു കൊല്ലാൻ തേരോട്ടം നടത്തുമ്പോൾ നമ്രത ഒരു ബന്ധുവിന്റെ വീട്ടിൽ ട്യൂഷൻ പഠിക്കാനെത്തിയതായിരുന്നു. നമ്രതയും അവളെ ട്യൂഷൻ പഠിപ്പിക്കുന്ന ബന്ധുവുമെല്ലാം ഒരു തെറ്റേ ചെയ്തിരുന്നുള്ളൂ... അവർ അവരുടെ പാരമ്പര്യ വിഗ്രഹാരാധന വിട്ട് യേശുവിനെ ദൈവമായി അംഗീകരിച്ചിരുന്നു. പീഡകർ ബന്ധുവിന്റെ വീടുവളഞ്ഞു. എന്നാൽ അതിനുമുൻപ് ബന്ധുക്കൾ പിൻവാതിലിലൂടെ ഓടിരക്ഷപ്പെട്ടു. പതിനൊന്നുകാരിയായ നമ്രതയ്ക്ക് ഓടിരക്ഷപ്പെടാനായില്ല. നമ്രതയെ വീടിനുള്ളിലിട്ട് അവർ വീടിനു തീവെച്ചു. കത്തുന്ന തീയ്ക്കിടയിലൂടെ ജീവൻ രക്ഷിക്കാൻ ഇറങ്ങിയോടിയ നമ്രതയുടെ മുഖവും ശരീരവും പൊള്ളി...

ഒറീസാപീഡനത്തിന് കുറെ മാസങ്ങൾക്കു മുൻപ് ഞാൻ കന്ദമാലിലെ റുദംഗിയ എന്ന സ്ഥലത്ത് രണ്ടു മാസം താമസിച്ചിരുന്നു- അവിടുത്തെ ജീസസ് മിഷൻ സഭയിൽ. എനിക്ക് അവിടുത്തെ ഗ്രാമവാസികളെ വ്യക്തിപരമായിത്തന്നെ അറിയാം. പൊതുവെ നല്ല മനുഷ്യരാണവർ. ബാഹ്യശക്തികൾ വർഗീയവിഷം കുത്തിവെച്ച് ഈ പാവങ്ങളെ ഇളക്കിയതാണ് അന്നത്തെ പീഡനത്തിനു കാരണമെന്ന് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നു. പീഡനവാർത്തയറിഞ്ഞ് ഞാൻ കന്ദമാലിലെത്തി. ദാരുണമായ കാഴ്ചകൾ! പൊലീസ് റോന്തുചുറ്റിക്കൊണ്ടിരുന്നു. പീഡിതരുടെ ക്യാംപുകൾ സൈന്യത്തിന്റെ നിയന്ത്രണത്തിൽ! റുദംഗിയയിലല്ലാതെ മറ്റെങ്ങും എനിക്കു പോകാനായില്ല. മൂന്നു മാസത്തിനുശേഷം ഞാൻ റയ്ക്കിയ സന്ദർശിച്ചു. അന്നും ക്യാമ്പുകൾ സൈന്യത്തിന്റെ നിയന്ത്രണത്തിൽത്തന്നെയായിരുന്നു. ഒരു സുഹൃത്തുമൊരുമിച്ച് ഞാൻ നമ്രതയുടെ വീട്ടിലെത്തി. അവളുടെ മുഖമൊക്കെ തൊലി വന്നു മൂടി മനോഹരമായിരിക്കുന്നു. ദൈവം അവൾക്ക് ഒരു അത്ഭുതസൗഖ്യം കൊടുത്തുവെന്ന് അവളുടെ മാതാപിതാക്കൾ പറഞ്ഞു.

നമ്രതയോട് ഞാൻ വിവരങ്ങളൊക്കെ അന്വേഷിച്ചു. പീഡനത്തിന്റെ കഥയൊക്കെ കേട്ടുകഴിഞ്ഞപ്പോൾ ഞാൻ ചോദിച്ചു: "നമ്രതാമോളേ, നിനക്കിപ്പോൾ യേശുവിനോട് വലിയ ദേഷ്യം തോന്നുന്നുണ്ടോ?'' ''എന്താ അങ്കിൾ ചോദിച്ചത്?

ദേഷ്യമോ? യേശുവിനോടോ?" അവൾ അവിശ്വസനീയതയോടെ എന്നെ നോക്കി...എന്നിൽ നിന്ന് അവൾ അങ്ങനെയൊരു ചോദ്യം ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല... "എനിക്ക് എങ്ങനെ യേശുവിനെ വെറുക്കാൻ കഴിയും?", അവൾ വീണ്ടും ചോദിച്ചു.

"അല്ല മോളേ, നീ യേശുവിനെ ഇത്രയേറെ സ്നേഹിച്ചിട്ടും ഒരു പീഡനമുണ്ടായപ്പോൾ യേശു അപ്പച്ചൻ നിന്നെ വിടുവിച്ചില്ലല്ലോ... തീപ്പൊള്ളലേല്ക്കാതെ നിന്നെ സംരക്ഷിച്ചില്ലല്ലോ... അതുകൊണ്ടു ഞാൻ ചോദിച്ചതാ...,"ഞാൻ ഉരുണ്ടുകളിച്ചു. അവളോട് അങ്ങനെയൊരു ചോദ്യം ചോദിച്ചതിൽ എനിക്കു ലജ്ജതോന്നി. "അങ്കിൾ... നമ്മൾ ക്രിസ്ത്യാനികളാണെങ്കിൽ പീഡനം സഹിക്കേണ്ടിവരുമെന്നല്ലേ ബൈബിൾ പഠിപ്പിക്കുന്നത്?'' ആ പതിനൊന്നുകാരി എന്നോടു തിരിച്ചുചോദിച്ചു... "അതെ മോളേ, തീർച്ചയായും..." ഞാൻ പറഞ്ഞു. "അതു തന്നെയല്ല, യേശു നമുക്കുവേണ്ടി കഷ്ടപ്പെട്ടതോർത്താൽ..." "അതെ അങ്കിൾ, യേശു നമുക്കുവേണ്ടി കഷ്ടമനുഭവിച്ചതോർത്താൽ നാം അവനുവേണ്ടി എന്തു കഷ്ടം സഹിച്ചുവെന്നാണ്? അവിടുത്തേക്കുവേണ്ടി ഇത്രയെങ്കിലും സഹിക്കാൻ കഴിയുന്നത് മഹാഭാഗ്യം", നമ്രത പറഞ്ഞു. കേവലം പതിനൊന്നു വയസ്സു മാത്രമുള്ള ആ പെൺകുട്ടിയുടെ വെളിപ്പാടിനു മുൻപിൽ ഞാൻ ശിരസ്സു നമിച്ചുപോയി.

പൗലൊസ് പറയുന്നതും അതുതന്നെയാണ്. "കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ തന്നെ അറിയുന്നുവല്ലോ...നാം കഷ്ടമനുഭവിക്കേണ്ടിവരും എന്ന് ഞങ്ങൾ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ മുമ്പുകൂട്ടി പറഞ്ഞിട്ടുണ്ട്. അവ്വണ്ണം തന്നെ സംഭവിച്ചുവെന്ന് നിങ്ങൾ അറിയുന്നു" (1 തെസ്സലോനിക്യർ 3:4). കഷ്ടം അനുഭവിക്കാൻ നാം "നിയമിക്കപ്പെട്ടിരിക്കുന്നു" എന്ന വാക്ക് ശ്രദ്ധിക്കുക... മനസ്സിലാക്കാൻ പ്രയാസമാണെങ്കിലും അതാണു വാസ്തവം. ഇന്ന് എല്ലാ കഷ്ടങ്ങളിൽ നിന്നുമുള്ള 'വിടുതൽ ആണ് ആളുകളുടെ ഇഷ്ടപ്പെട്ട പ്രസംഗവിഷയം. സുവിശേഷം മനുഷ്യന് പാപത്തിൽ നിന്നു വിടുതൽ നൽകുന്നു. എന്നാൽ കഷ്ടത ഒഴിവാക്കിക്കൊണ്ടുള്ള സുവിശേഷം സുവിശേഷമല്ല.

ഒരിക്കൽ ഒരു കുട്ടിയുടെ മുൻപിൽ ചിത്രത്തിലെ യേശുവിനെപ്പോലെ വേഷം ധരിച്ച ഒരാൾ വന്നുനിന്നു... "ഞാൻ യേശുവാണ്" ആഗതൻ സ്വയം പരിചയപ്പെടുത്തി. "കൊള്ളാം" കുട്ടി ആഗതന്റെ കരം ഗ്രഹിച്ചു... എന്നിട്ടു പതിയെ പറഞ്ഞു: ''എന്നാൽ നിങ്ങൾ യഥാർഥ യേശുവല്ല... കാരണം, യഥാർഥ യേശുവിന്റെ കയ്യിൽ ആണിപ്പഴുതുകളുണ്ട്".

*അതെ, കയ്യിലും കാലുകളിലും ആണിപ്പഴുതുകളില്ലാത്ത, വിലാപ്പുറം കുത്തിത്തുളയ്ക്കപ്പെടാത്ത, തലയിൽ മുൾക്കിരീടം ഇല്ലാത്ത, ക്രൂശില്ലാത്ത യേശു യഥാർഥ യേശുവല്ല, മറ്റൊരു യേശുവാണ്.*

പൗലൊസിന്റെ സുവിശേഷപ്രവർത്തനത്തിൽ ചെന്നിടത്തെല്ലാം അദ്ദേഹത്തിന് പീഡനം സഹിക്കേണ്ടിവന്നിരുന്നു. യൂറോപ്പിലാദ്യം അദ്ദേഹം സുവിശേഷമറിയിച്ചത് ഫിലിപ്പിയിലാണ്. അവിടെ നിന്നാണ് തെസ്സലോനിക്യയിലെത്തിയത്. ഫിലിപ്പിയിൽ വെച്ച് പൗലൊസിനും ശീലാസിനും വളരെ കഷ്ടങ്ങൾ അനുഭവിക്കേണ്ടിവന്നു (1 തെസ്സലോനിക്യർ 3: 2). തെസ്സലോനിക്യയിൽ മൂന്നാഴ്ച സുവിശേഷമറിയിച്ചപ്പോൾ തന്നെ പീഡനം ആരംഭിക്കുകയുണ്ടായി (അപ്പോസ്തലപ്രവർത്തി 17: 1–5). അതിനിടയിൽത്തന്നെ പലരും യേശുവിൽ വിശ്വസിച്ചിരുന്നു. വിശ്വസിച്ചവരെയൊക്കെ പൗലൊസ് ഓർമ്മിപ്പിച്ച ഒരുകാര്യമുണ്ട്. ക്രിസ്തീയജീവിതം പൂമെത്തയാണെന്നൊന്നും ചിന്തിക്കേണ്ട... തീർച്ചയായും കഷ്ടതയും പീഡനവും നിങ്ങളെ കാത്തിരിപ്പുണ്ട്.

അതുതന്നെ സംഭവിച്ചു. പൗലൊസും ശീലാസും താമസിച്ചിരുന്ന യാസോന്റെ ഭവനം യഹൂദർ വളഞ്ഞു. യാസോനെ അവർ വഴിയിലൂടെ വലിച്ചിഴച്ചുകൊണ്ട് നഗരാധിപന്മാരുടെ അടുക്കലെത്തിച്ചു. വിശ്വാസികൾ രാത്രി തന്നെ പൗലൊസിനെയും ശീലാസിനെയും രക്ഷപ്പെടുത്തി ബരോവയ്ക്കു പറഞ്ഞയച്ചു (അപ്പോസ്തലപ്രവർത്തി 17: 5–10). ബരോവയിലും മറ്റിടങ്ങളിലും സുവിശേഷം അറിയിച്ച് ഇപ്പോൾ പൗലൊസ് അഥേനയിലാണ് (അപ്പോസ്തലപ്രവർത്തി 17:15). എന്നാൽ, അഥേനയിൽ ഇരിക്കുമ്പോഴും പൗലൊസിന്റെ മനസ്സിൽ തെസലൊനിക്യയിലെ ക്രിസ്ത്യാനികളുടെ കാര്യമാണ് ഓർമ്മ. തങ്ങളെ ഭവനത്തിൽ ഒളിപ്പിച്ചു പാർപ്പിച്ച യാസോന് എന്തു പറ്റിക്കാണും? തങ്ങളെ നഗരത്തിനു പുറത്തേക്കു കടത്തിവിട്ട സ്നേഹധനരായ വിശ്വാസികളെ അധികാരികൾ പിടിച്ചിട്ടു

ശേഷം പേജ് 29 ▶



ചെയ്സ് ജോസഫ്

# മാനസാന്തരത്തിലേക്കു പുതുക്കപ്പെടാൻ പറ്റാത്തവർ

## (എബ്രായർ 6: 13-18)

**വേ**ദപുസ്തകത്തിലെ ഏറ്റവും ശക്തമായ മുന്നറിയിപ്പ് ഉൾക്കൊള്ളുന്ന ഭാഗം ആണ് എബ്രായ ലേഖനം ആറാം അധ്യായം. കഴിഞ്ഞ ലക്കത്തിൽ പരിജ്ഞാനത്തിലേക്ക് നയിക്കപ്പെടുന്ന വിശ്വാസികളും പാല് കുടിക്കുന്ന മന്ദത ബാധിച്ച വിശ്വാസികളും തമ്മിൽ ഉള്ള വ്യത്യാസം ആണ് ചിന്തിച്ചത്. ഇതേകാര്യം തന്നെ ആണ് ആറാം അധ്യായത്തിലും തുടരുന്നത്. അടിസ്ഥാന വേദോപദേശങ്ങൾ വീണ്ടുംവീണ്ടും പഠിക്കുന്ന സാഹചര്യത്തിൽ നിന്നും ക്രിസ്തുവിൽ വളരേണ്ടതിന്റെ ആവശ്യം ഇവിടെ ഊന്നിപ്പറയുന്നു. എല്ലാവരും ഒരു അടിസ്ഥാനത്തിൽ തന്നെ ആണ് ക്രിസ്തീയ ജീവിതം തുടങ്ങുന്നത്. എന്നാൽ ചിലർ അടിസ്ഥാനത്തിൽ തന്നെ ഒരു പൂർത്തി കാണുകയും അത് വീണ്ടും വീണ്ടും പഠിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിനു നമ്മെക്കുറിച്ചുള്ള ഉദ്ദേശ്യം അതല്ല. നാം ക്രിസ്തുവിന്റെ പരിജ്ഞാനപൂർത്തി പ്രാപിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. എന്തൊക്കെ ആണ് പൗലോസ് പറയുന്ന അടിസ്ഥാനങ്ങൾ?

1. *നിർജീവ പ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരം*: ജീവനില്ലാത്ത പ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരം. അതായത് ക്രിസ്തു ഇല്ലാത്ത എല്ലാ പ്രവൃത്തികളിൽ നിന്നുമുള്ള മാനസാന്തരം.

2. *ദൈവത്തിങ്കൽ ഉള്ള വിശ്വാസം*: ദൈവം നമുക്ക് തരുന്ന രക്ഷാകരമായ വിശ്വാസം.

3. *സ്നാനങ്ങളെ കുറിച്ചുള്ള ഉപദേശം:* വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന രണ്ടു സ്നാനങ്ങൾ, വിശ്വാസസ്നാനവും ആത്മസ്നാനവും.

4. *കൈവെപ്പ്:* സഭയിൽ നിന്നുള്ള ശുശ്രൂഷാ നിയോഗങ്ങൾ.

5. *മരിച്ചവരുടെ പുനരുത്ഥാനം:* നാം എല്ലാവരുടെയും ആത്മീകലക്ഷ്യം പുനരുത്ഥാനം ആണ്.

6. *അവിശ്വാസികൾക്കും ദുഷ്ടന്മാർക്കും ഉള്ള നിത്യശിക്ഷാവിധി.*

അടിസ്ഥാനങ്ങൾ വളരെ പ്രധാനം ആണെങ്കിലും നമ്മുടെ ആത്മീകയാത്ര പരിജ്ഞാനത്തിൽ പണിയപ്പെടേണ്ടതാണ്. പരിജ്ഞാനത്തിൽ തുടങ്ങുന്നവർ അനേകർ ഉണ്ട്. ദൈവീക പരിജ്ഞാനത്തിൽ വളരുക എന്നത് വളരെ ആനന്ദകരമായ ഒരു കാര്യം ആണ്. വീണ്ടും വീണ്ടും അടിസ്ഥാന വിഷയങ്ങളിൽ മാത്രം ശ്രദ്ധ ഊന്നുകയും ഒരിക്കലും അവസാനിക്കാത്ത തർക്കങ്ങളിലേക്കും വാഗ്വാദങ്ങളിലേക്കും പോകുന്നതിനു പകരം, ക്രിസ്തുവിന്റെ പരിജ്ഞാനത്തിലേക്കു വളരുവാൻ നാം ഉത്സാഹിക്കേണ്ടതുണ്ട്. അല്ലെങ്കിൽ കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടതുപോലെ മാന്ദ്യമുള്ള ആത്മീക അവസ്ഥയിൽ ആവുകയും ആത്മീക സത്യങ്ങളുടെ കാതലായ ഭാഗങ്ങൾ ഗ്രഹിക്കാൻ കഴിവില്ലാത്ത നിലയിൽ തുടരുകയും ചെയ്യും.

എന്നാൽ പരിജ്ഞാനം എന്നത് ദൈവം അനുവദിക്കുന്ന പരിധി വരെ മാത്രമേ പ്രാപിക്കാനാവൂ , കാരണം മരിക്കുന്നത് വരെ ഒരു വിശ്വാസിയിൽ തുടരുന്ന പ്രക്രിയ ആണ് അത്. ഓരോ നിമിഷവും ക്രിസ്തുവിൽ വളർന്നു ക്രിസ്തു എന്ന

തലയോളം എത്തുക എന്നതാണ് ഓരോ വിശ്വാസിയുടെയും പരിജ്ഞാനത്തിലേക്കുള്ള യാത്ര. ഈ ദൈവീക പരിജ്ഞാനത്തിലേക്കു നടക്കുമ്പോൾ നാം എന്തൊക്കെ ആണ് അനുഭവിക്കുന്നത്? എന്താണ് ഈ യാത്രയുടെ പ്രത്യേകതകൾ?

എബ്രായർ 6 : 4 ൽ പരിജ്ഞാനത്തിലേക്കുള്ള യാത്ര വളരെ തീഷ്ണമായ ആത്മീക അനുഭവങ്ങൾ ലഭ്യമാകുന്ന ഒരു യാത്ര ആണെന്നു മനസ്സിലാക്കാം. ക്രിസ്തീയ അടിസ്ഥാനങ്ങളിൽ നിന്നും വളർന്ന്, വരുവാനിരിക്കുന്ന ലോകത്തിന്റെ ശക്തി അനുഭവിച്ചവരാണ് നിത്യതയെ ദർശിച്ചവർ. എന്തൊക്കെ ആണ് ഈ വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് നോക്കാം. ദൈവത്തിൽ നിന്നുള്ള പ്രകാശനം അഥവാ വെളിപ്പാട് ലഭിച്ചവർ, ഈ ലോകത്തിൽ മാത്രം ദൃശ്യമായതിനപ്പുറത്തേയ്ക്കുള്ള കാഴ്ചയിലേക്ക് എത്തിയവർ.

**സ്വർഗ്ഗീയമായ ദാനങ്ങൾ അനുഭവിച്ചവർ:** എന്താണ് ഈ സ്വർഗ്ഗീയ ദാനങ്ങൾ? ആത്മാവിലൂടെ, ക്രിസ്തുവിന്റെ സമ്പത്തിൽ നിന്ന് ലഭിക്കുന്ന ജീവദാനങ്ങൾ! ഇത് പരിജ്ഞാനത്തിലേക്കുള്ള യാത്രയിൽ നമുക്കു അവകാശമായി ദൈവം തരുന്നതാണ്. 2 പത്രോസ് 1 മുതൽ 3 വരെയുള്ള അധ്യായങ്ങൾ നാം വായിക്കുമ്പോൾ ഇത് വ്യക്തമാകുന്നു. 'തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ'. ദൈവത്തിന്റെ ദിവ്യശക്തിയാൽ ക്രിസ്തുവിന്റെ മഹത്വത്തിലേക്കും തേജസ്സിലേക്കും വളരുന്ന ആളുകൾക്ക് ലഭിക്കുന്ന അനുദിന ദാനങ്ങൾ അനുഭവിച്ചവർ.

**പരിശുദ്ധാത്മാവിനെ പ്രാപിച്ചവർ:** അതായതു യേശുക്രിസ്തുവിനെ ഈ ഭൂമിയിൽ നടത്തിയ അതേ തേജസ്സിന്റെ ആത്മാവിനെ പ്രാപിച്ചവർ, എബ്രായർ 6: 5 ൽ ദൈവത്തിന്റെ നല്ല വചനം അതായത് കട്ടിയായ ആഹാരം ലഭിച്ചു ക്രിസ്തുവിലേക്കു നയിക്കുന്ന വചനത്തിന്റെ ആഴങ്ങൾ അറിഞ്ഞവർ. വരുവാനുള്ള ലോകത്തിന്റെ ശക്തി അനുഭവിച്ചവർ. എത്രയോ ശ്രേഷ്ഠമായ കാര്യങ്ങൾ ആണ് പരിജ്ഞാനത്തിലേക്കുള്ള യാത്രയെ കുറിച്ച് വായിക്കുന്നത്? ഇന്ന് വിശ്വാസികളിൽ ഒരു വലിയ പങ്കിനും അടിസ്ഥാനങ്ങൾ പോലും നിശ്ചയമില്ല. അവർ ഐഹികജീവിത സ്ഥിതി മാറാനും ഈ ഭൂമിയിൽ ഉള്ള ജീവിതത്തിൽ നേട്ടങ്ങൾ കൈവരിക്കാനും കാത്തിരിക്കുന്നവർ ആണ്. ഇന്നത്തെ ശുശ്രൂഷകരിലും ഒരു വലിയ പങ്ക്, ലോകത്തെ സ്നേഹിക്കുന്ന, 'വിശ്വാസി എന്ന് പേര് മാത്രമുള്ള' മനുഷ്യരുടെ താത്പര്യങ്ങൾക്കനുസരിച്ചു ശുശ്രൂഷിക്കുന്നവർ ആയി മാറിയിരിക്കുന്നു.

ദൈവത്തിന്റെ മഹത്വമായ, വിളിയുടെ പരിജ്ഞാനത്തിലേക്കുള്ള വളർച്ചയെ വളരെ പ്രാധാന്യത്തോടെ നാം പരിഗണിക്കുകയും ആഗ്രഹിക്കുകയും ചെയ്യേണ്ട കാര്യം ആണ്. എന്നാൽ ഇവിടെ സൂക്ഷ്മമായ ഒരു മുന്നറിയിപ്പ് ലേഖനകർത്താവു നമുക്ക് തരുന്നു. പരിജ്ഞാനത്തിലേക്കുള്ള യാത്ര അപകടം പിടിച്ചതും അതീവ ദുഷ്കരവും ആണ്. അത് ഒരിക്കൽ മാത്രം ഒരു മനുഷ്യന്റെ മുൻപിലേക്ക് വരുന്ന കാര്യമാണ്. സാധാരണ രീതിയിൽ ഒരാൾ അടിസ്ഥാനമായ വിശ്വാസത്തിൽ നിന്നോ, ക്രിസ്തീയ ഏറ്റു പറച്ചിലിൽ നിന്നോ പിൻവാങ്ങിയാലും അവനു മടങ്ങിവരാൻ കഴിയും. അത് കൊണ്ടാണല്ലോ വെളിപ്പാട് പുസ്തകത്തിൽ അനേകം മുന്നറിയിപ്പുകളിലൂടെ സഭയോടും വിശ്വാസികളോടും മടങ്ങി വരുവാൻ ആവശ്യപ്പെടുന്നത്. ക്രിസ്തീയ സഭ ഒരിക്കലും പിന്മാറ്റാക്കർക്കു മടങ്ങി വരാൻ കഴിയുകയില്ല എന്ന് വിശ്വസിക്കുന്നില്ല. എന്നാൽ ഇവിടുത്തെ മുന്നറിയിപ്പ് എന്താണ്?

എബ്രായർ 6: 5, 6 വാക്യങ്ങളിൽ *വരുവാനിരിക്കുന്ന ലോകത്തിന്റെ ശക്തി അറിഞ്ഞവർ പിൻവാങ്ങുമ്പോൾ സംഭവിക്കുന്ന ഒരു വലിയ ദുരന്തം ഇനി മടങ്ങിവരുവാൻ അവർക്കു സാധ്യത ഒന്നുമില്ല എന്നതാണ്. പരിജ്ഞാനത്തിലേക്കുള്ള യാത്ര അത്രയ്ക്ക് പ്രത്യേകതകൾ നിറഞ്ഞതാണ്.* പാപം ചെയ്ത ഒരാൾക്ക് തീർച്ചയായും മടങ്ങി വരുവാൻ കഴിയും. ജീവനെ പേടിച്ചു യേശുക്രിസ്തുവിനെ തള്ളി പറഞ്ഞവർ പിന്നീട് മടങ്ങി വന്നു രക്തസാക്ഷികൾ ആയ അനേകം സംഭവങ്ങൾ സഭാചരിത്രത്തിൽ ഉണ്ട്. അതുകൊണ്ട് പിന്മാറുന്നവർക്കു മടങ്ങി വരുവാൻ കഴിയില്ല എന്ന് പറയുന്നത് വേദശാസ്ത്ര പ്രകാരം ഉചിതമല്ല. പല ദൈവ ശാസ്ത്രജ്ഞന്മാരും കരുതുന്നത് പിന്മാറിപ്പോയ ഇവർ ശരിക്കും രക്ഷിക്കപ്പെട്ടവർ അല്ല എന്നാണ്. എന്നാൽ ഈ വ്യഖ്യാനം കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ശരിക്കും രക്ഷിക്കപ്പെടാത്തവർ പിന്മാറുന്നത് സ്വാഭാവികമല്ലേ? അവർക്കു മടങ്ങി വന്നു രക്ഷിക്കപ്പെട്ടു കൂടാ

ശേഷം പേജ് 25 ▶



**ജോർജ് മാത്യു, പുതുപ്പള്ളി**

# നിഷേധിക്കാനാവാത്ത പരമസത്യം

**ക്രൈ**സ്തവസഭയുടെ ജീവനാഡി ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു ആണ്. പീഡാനുഭവത്തെക്കാൾ പതിന്മടങ്ങു പ്രാധാന്യം സഭ നൽകിയിരുന്നത് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനാണ്. അതിനു പ്രത്യേകിച്ചൊരു കാരണം കൂടിയുണ്ട്. അക്കാലത്ത് യഹൂദാസംസ്കാരവുമായി അഭേദ്യബന്ധമുണ്ടായിരുന്ന വിശ്വാസികൾ മശിഹായുടെ വരവിനെ കാത്തിരിക്കുന്നവരായിരുന്നല്ലോ! യേശുവാണ് മശിഹായെന്നും അവൻ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കുമെന്നും അവർക്കു നിശ്ചയമുണ്ടായിരുന്നു. പുനരുത്ഥാനത്തിന് അമിതപ്രാധാന്യം കൊടുക്കുവാൻ സഭയെ പ്രേരിപ്പിച്ച ചേതോവികാരവും മറ്റൊന്നായിരുന്നില്ല. വിശുദ്ധ പൗലൊസിന്റെ ചിന്തകളിലും എഴുത്തുകളിലും നിറഞ്ഞുനിന്നിരുന്നതും കർത്താവിന്റെ ത്യാഗപൂർണ്ണമായ ക്രൂശുമരണവും നിസ്തുല്യമായ പുനരുത്ഥാനവുമായിരുന്നു.

യേശുക്രിസ്തുവിന്റെ തിരുവായ്മൊഴികൾ പരിശോധിച്ചാൽ വ്യക്തമാകുന്ന മറ്റൊരു സത്യം ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ചു പറയാതെ ഒരിക്കലും അദ്ദേഹം ക്രൂശുമരണത്തെക്കുറിച്ച് പറഞ്ഞിട്ടില്ല എന്നതാണ്. കിരീടത്തെക്കുറിച്ച് സ്മരിക്കാതെ കഷ്ടതയെപ്പറ്റി പരാമർശിച്ചിട്ടില്ല എന്നു സാരം. പീഡാനുഭവവും പുനരുത്ഥാനാനുഭവവും അത്രമാത്രം ബന്ധപ്പെട്ടുകിടക്കുന്ന യാഥാർത്ഥ്യങ്ങളത്രെ. ഒന്നിനെക്കൂടാതെ മറ്റൊന്നിനു നിലനിൽപ്പോ പ്രസക്തിയോ ഇല്ല. ഒരേ പ്രക്രിയയുടെ രണ്ട് വശങ്ങളായിരുന്നു ക്രിസ്തുവിന്റെ ജീവനും മരണവും.

ഇതേ ചിന്താഗതിയായിരുന്നു വിശുദ്ധ പൗലൊസിന്റേതും. ദൈവം സ്വയം ബലഹീനതയേറ്റെടുത്ത സന്ദർഭങ്ങളെക്കുറിച്ച് വാചാലനാകുന്ന താൻ യേശു കരസ്ഥമാക്കിയ വിജയത്തെക്കുറിച്ച് പെരുമ്പറ മുഴക്കിക്കൊണ്ടാണ് ഒരു വേദഭാഗം അവസാനിപ്പിക്കുന്നത് (ഫിലിപ്യർ 2:1 -10). ക്രൂശിന്റെ നികൃഷ്ടതയും വേദനയും വിവരിക്കുന്നതോടൊപ്പം പുനരുത്ഥാനത്തിന്റെ സന്തോഷവും ശക്തിയും അദ്ദേഹം വിളംബരം ചെയ്തിരുന്നു. താൻ രചിച്ചിട്ടുള്ള മിക്കവാറും ലേഖനങ്ങളിൽ ഉത്ഥിതനായ ക്രിസ്തുവിനെ ഉയർത്തിക്കാട്ടുവാൻ ശക്തമായി ശ്രമിച്ചിട്ടുമുണ്ട്. റോമിലെ വിശ്വാസികൾക്ക് എഴുതുന്നതു കൂടാതെ കൊരിന്ത്യ, ഗലാത്യ, ഫിലിപ്യ, എഫെസ്യ, കൊലൊസ്യ എന്നീ സഭകൾക്കെഴുതുന്ന ലേഖനങ്ങളിലും തിളങ്ങിനിൽക്കുന്ന ആശയം ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. മാനവരാശിയുടെ രക്ഷയ്ക്കായി മരിച്ച് ഉയിർത്തെഴുന്നേറ്റ കർത്താവായിട്ടല്ലാതെ യേശുവിനെ സങ്കൽപ്പിക്കാൻപോലും പൗലൊസിന് കഴിഞ്ഞിരുന്നില്ല എന്നതാണ് വാസ്തവം.

ആദിമ ക്രൈസ്തവസഭയുടെ സുപ്രധാനമായ ഉപദേശങ്ങളിൽ മുന്നിട്ടുനിന്നിരുന്നത് യേശുവിന്റെ പുനരുത്ഥാനം തന്നെയായിരുന്നു. പൗലൊസിന്റെ അവസാനലേഖനം വെളിച്ചം കാണുന്നതുവരെ സുവിശേഷങ്ങൾ ഒന്നുംതന്നെ രംഗത്തുവന്നിരുന്നില്ല എന്നു പഠിപ്പിച്ചിരുന്ന വേദശാസ്ത്രജ്ഞരുണ്ട്. അഥവാ വന്നിരുന്നെങ്കിൽത്തന്നെയും അവ വിശാലമായി പ്രചരിപ്പിക്കപ്പെടുകയോ ക്രിസ്തീയ വിശ്വാസത്തിന്റെ ആഗോളപ്രമാണമായി അംഗീകരിക്കപ്പെടുകയോ ചെയ്തിരുന്നില്ല. പുസ്തകങ്ങൾ തുലോം പരിമിതവും 'തോൽച്ചുരുൾ കയ്യെഴുത്തുകൾ' ദുർഗ്രഹവുമായിരുന്ന കാല

ഘട്ടത്തിൽ, ചരിത്രസത്യങ്ങൾ കൈമാറ്റം ചെയ്തിരുന്നത് പ്രധാനമായും വായ്മൊഴികളിലൂടെ ആയിരുന്നുവെന്നു വേണം കരുതുവാൻ. ആദ്യകാല സഭാംഗങ്ങളായി ജീവിച്ചിരുന്നവരെ വിശ്വാസത്തിൽ ഉറപ്പിച്ചതും നിലനിർത്തിയതും ഈ പാരമ്പര്യമായിരുന്നു. സഭയുടെ സകലമാന പഠിപ്പിക്കലുകളുടെയും പ്രസംഗങ്ങളുടെയും പിന്നണിയിലെ അനിഷേധ്യമായ അസംസ്കൃതവസ്തു ഈ വായ്മൊഴികൾ ആയിരുന്നു. ആദ്യത്തെ ആഗോള പാരമ്പര്യക്രമത്തിലെ അതിപ്രധാനമായ ഘടകങ്ങളിൽ ഒന്ന് ഉയിർത്തെഴുന്നേൽപ്പിന്റെ വസ്തുതകൾ അടങ്ങിയ ചരിത്രങ്ങളായിരുന്നു.

സഭയുടെ ഉപദേശങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാതെയാണ് ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് പൂർണ്ണമായി 1 കൊരിന്ത്യർ 15ൽ വിവരിച്ചിരിക്കുന്നത്. പുനരുത്ഥാനം ഒരു കെട്ടുകഥയോ അതിശയോക്തി കലർന്ന പഴംപുരാണമോ ആയി തോന്നാതെ ജീവനുറ്റ ആനുകാലിക സംഭവമായി ചിത്രീകരിച്ചിരിക്കുന്നു. ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാർക്കു വെളിപ്പെട്ട കൂട്ടത്തിൽ 'എല്ലാവർക്കും ഒടുവിൽ അകാലപ്രജപോലുള്ള എനിക്കും പ്രത്യക്ഷനായി' എന്നു താൻ സാക്ഷിക്കുന്നു (1 കൊരിന്ത്യർ 15:8). കേട്ടറിഞ്ഞ ഒരു സംഭവമായി മാത്രം ക്രിസ്തുവിന്റെ പുനരുത്ഥാനം തീരരുതെന്ന നിർബന്ധമുണ്ടായിരുന്നതുകൊണ്ടാണ് തന്റെ അനുഭവവും കൂടി ചേർത്ത് സെന്റ്പോൾ അങ്ങനെ എഴുതിയത്. അദ്ദേഹം സ്വന്തകണ്ണുകൊണ്ട് കണ്ടതും അനുഭവിച്ചതുമായ ഈ പരമസത്യത്തെ ആർക്കാണ് നിഷേധിക്കുവാൻ കഴിയുക ?

യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ആദിമവിശ്വാസികളുടെ ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും കേന്ദ്രബിന്ദുവായിരുന്നു. ദൈവശക്തിയുടെ വെളിപ്പെടലും ദൈവകരത്തിന്റെ പ്രവൃത്തിയുമായിരുന്നു. നാശരഹിതവും വിജയപൂർണ്ണവുമായ ദൈവശക്തിയുടെ ഉദാത്തവും അപ്രമാദിത്തപരവുമായ ചിത്രമെഴുത്തു കൂടിയായിരുന്നു അത്. ആദിമസഭയുടെയും അപ്പൊസ്തലന്മാരുടെയും ആത്യന്തികലക്ഷ്യം യേശുവിനെ മറ്റുള്ളവരോടു പറയുകയായിരുന്നില്ല, പ്രത്യുത, യേശുവിന്റെ സാന്നിധ്യത്തെയും ശക്തിയെയും അവർക്കു വെളിപ്പെടുത്തിക്കൊടുക്കുകയായിരുന്നു. യേശു തന്നെയാണ് വരുവാനുള്ള രക്ഷകൻ എന്നുള്ളതിന്റെ അന്തിമതെളിവായിട്ടാണ് ആദിമസഭ പുനരുത്ഥാനത്തെ വീക്ഷിച്ചത്.

വരുവാനുള്ള മശിഹായായി മാത്രമേ യഹൂദർക്ക് യേശു എന്ന രക്ഷകനെ കാണാൻ സാധിക്കുമായിരുന്നുള്ളൂ. മാത്രമല്ല, അവർ യഹോവ അയയ്ക്കുന്ന അഭിഷിക്തനുവേണ്ടി കാത്തിരിക്കുകയുമായിരുന്നു. മഹത്വത്തിന്റെയും വിജയത്തിന്റെയും അധികാരത്തിന്റെയും മൂർത്തീമത്ഭാവമായിട്ടേ മശിഹായെ അവർ പ്രതീക്ഷിച്ചിരുന്നുള്ളൂ. എന്നാൽ യഥാർത്ഥ അഭിഷിക്തനെ ക്രൂശിൽ മരിച്ച ഒരു സാധാരണക്കാരനായിട്ട് മാത്രമേ ബഹുഭൂരിപക്ഷം യഹൂദന്മാരും കണ്ടുള്ളൂ.

ദൈവത്താൽ അയയ്ക്കപ്പെടുന്ന മശിഹായെക്കുറിച്ച് അവർക്കുണ്ടായിരുന്ന സകല കണക്കുകൂട്ടലുകളും പ്രതീക്ഷകളും ക്രൂശിൽ മരിച്ച യേശു തകർത്തുകാണണം. എന്നാൽ മരണത്തെ ചവിട്ടിമെതിച്ച് ഉയിർത്തെഴുന്നേറ്റതിലൂടെ അവരുടെ സ്വപ്നങ്ങൾക്കും വിലയിരുത്തലുകൾക്കും അതീതനായ മശിഹായായി യേശു വെളിപ്പെടുകയായിരുന്നു എന്നതാണ് യഥാർത്ഥ കാര്യം. ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുതന്നെയാണ് യഥാർത്ഥ മശിഹായെന്ന് പിസിദ്യായിലെ സിനഗോഗിൽവച്ച് നടത്തിയ പ്രസംഗത്തിൽ പൗലൊസ് സമർത്ഥിക്കുകയും ചെയ്യുന്നുണ്ട് (അപ്പോസ്തല പ്രവൃത്തി 13 :14-43).

പൂർണ്ണനായ ഏക മഹാപുരോഹിതനും വിശുദ്ധർക്കുവേണ്ടി മദ്ധ്യസ്ഥത നടത്തുന്നവനും ക്രിസ്തുവാണ്. സ്വർലോകത്ത് പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന ക്രിസ്തു മനുഷ്യർക്കുവേണ്ടി ദൈവസാന്നിധ്യത്തിന്റെ വാതിലുകൾ തുറന്നുതരുന്നു. യഥാർത്ഥ പുരോഹിതനായ യേശു, ജനങ്ങൾക്കും ദൈവത്തിനുമിടയിൽ പരസ്പരം ബന്ധിപ്പിക്കുന്ന പാലം തന്നെയാണ്. ഭൂമിയിൽവച്ച് താൻ ചെയ്തിരുന്ന ഇതേ കാര്യത്തിന്റെ പൂർത്തീകരണമാണ് സ്വർഗ്ഗത്തിലും ചെയ്തുകൊണ്ടിരിക്കുന്നത്.

ക്രിസ്തുവിന്റെ പുനരുത്ഥാനം, ക്രിസ്ത്യാനി ധരിക്കുന്ന പുതുജീവനും പുതുവസ്ത്രവുമാണ്. ദൈവശക്തിയുടെ അപാരമായ ഒഴുക്കായി, ക്രിസ്തീയജീവിതത്തെ ശുദ്ധീകരിക്കുകയും മനോഹരമാക്കുകയും ചെയ്യുന്ന പുനരുത്ഥാനം, ക്രൈസ്തവരുടെ വർത്തമാനശക്തിയും പ്രത്യാശയുടെ നങ്കൂരവും കൂടിയാണ്. യേശുകർത്താവ് ഉയിർത്തതിനാൽ ഓരോ ക്രിസ്ത്യാനിയും ഉയിർത്തെഴുന്നേൽക്കുമെന്നുള്ള ഉറപ്പോടെ ദൈവസാന്നിധ്യബോധത്തിലും കൂട്ടായ്മയിലും അനുനിമിഷം ജീവിക്കണം.

•



വാച്ച്മാൻ നീ

# ദുർബ്ബലനാക്കപ്പെടുന്ന ബലവാൻ...

**ഒരിക്കൽ യേശു ഒരു മനുഷ്യനിൽ നിന്ന് ഊമയായ ഒരു ഭൂതത്തെ പുറത്താക്കി. ഭൂതം വിട്ടുപോയ ശേഷം ആ ഊമൻ സംസാരിച്ചു; പുരുഷാരം ആശ്ചര്യപ്പെട്ടു (ലൂക്കോസ് 11:14).**

യേശു ഊമയായ ഒരു ഭൂതത്തെ പുറത്താക്കിയ അവസരത്തിലാണ് പരീശന്മാർ യേശുവിനെതിരെ ആരോപണങ്ങൾ ഉന്നയിച്ചത്. ആ ആരോപണങ്ങൾക്ക് മറുപടിയായി കർത്താവു പറഞ്ഞത്: ബലവാനായ മനുഷ്യന്റെ വീട്ടിൽ ഒരാൾക്ക് എങ്ങനെ പ്രവേശിക്കാൻ കഴിയും? അവൻ ആദ്യം ബലവാനെ ബന്ധിക്കുകയല്ലേ വേണ്ടത്? പിന്നീട് അവന്റെ വീട് കവർച്ച ചെയ്യാം. കർത്താവ് മനുഷ്യഹൃദയത്തെ 'ഭവനം' അല്ലെങ്കിൽ 'വാസസ്ഥലം' എന്ന് വ്യക്തമായി വിശേഷിപ്പിച്ച ഒരേയൊരു ഭാഗമല്ല ഇത്. അതേ അധ്യായത്തിൽ അവൻ അശുദ്ധാത്മാവിനെ പുറത്താക്കിയപ്പോൾ മറ്റൊരു 'വാസസ്ഥലം' കാണാതെ, 'ഞാൻ എന്റെ വീട്ടിലേക്ക് മടങ്ങിപ്പോകും' എന്ന് അശുദ്ധാത്മാവ് പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. അശുദ്ധാത്മാക്കൾ വിട്ടുപോയ സ്ഥാനത്ത്, ക്രിസ്തു വസിക്കാതെ ഒഴിഞ്ഞു കിടന്നതിനാൽ 'ആ ഹൃദയത്തിൽ പ്രവേശിച്ച് അവിടെ വസിക്കാൻ' അവയ്ക്കു കഴിയും. ഹൃദയം ശൂന്യമായി കിടക്കാതെ ക്രിസ്തു വസിക്കുന്നു എങ്കിൽ മാത്രമേ അശുദ്ധാത്മാവിനു വീണ്ടും അവിടെ വസിക്കുന്നത് അസാധ്യമാകൂ.

ബലവാൻ എന്നത് ദുഷ്ടാത്മാക്കളെ ഉപയോഗിച്ച് മനുഷ്യരിൽ പ്രവർത്തിക്കുന്ന സാത്താനാണ്. കർത്താവായ യേശുക്രിസ്തു ഒരു വ്യക്തിയാണെന്നതുപോലെ സാത്താനും ഒരു വ്യക്തിയാണ്. യേശുക്രിസ്തു വീണ്ടെടുക്കുന്നവരിൽ യേശു വസിച്ച് അവർക്ക് ജീവൻ പകരുന്നു, അങ്ങനെ അവരെ ദൈവമക്കളാക്കുന്നു. അതുപോലെ, ഇരുട്ടിന്റെ അധികാരി, വീണുപോയ ആദാമിന്റെ വംശത്തെ കൈവശമാക്കി നിയന്ത്രിക്കുന്നു. അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ പ്രവർത്തിക്കുന്നതു ദുരാത്മാക്കളാണ്. അപ്പോസ്തലനായ യോഹന്നാൻ പറയുന്നു: 'പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവൻ', അവന്റെ സ്വഭാവത്തിൽ പങ്കാളി. യാക്കോബ് എഴുതുമ്പോൾ: അസൂയയും പക്ഷഭേദവും...ഭൗമികവും, പ്രാകൃതവും പൈശാചികവുമാണ്.

സാത്താൻ ഒരു അധികാരിയാണ്, തിന്മയുടെ തലവൻ. തന്റെ നിയന്ത്രണത്തിലുള്ള വ്യക്തികൾ വഴി അവൻ രാജ്യങ്ങളെ ഭരിക്കുന്നു. അനേകം ദുഷ്ടാത്മാക്കൾ മുഖേന വീണുപോയ മനുഷ്യകുലത്തെ നിയന്ത്രിക്കുന്നു. 'അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആത്മാവ്' ആണ് സാത്താൻ എന്നും നാം വ്യക്തമായി വേർതിരിച്ചറിയണം. ദുഷ്ടാത്മാക്കൾ ജഡമോഹങ്ങളിലൂടെയും ചിന്തകളിലൂടെയും മനുഷ്യരെ സ്വാധീനിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. മനുഷ്യനെ അവൻ സ്വാധീനിക്കുമ്പോൾ അവന്റെ മനോഭാവം കർത്താവ് വിശേഷിപ്പിക്കുന്നു, 'മുഴുവൻ ആയുധധാരി', അവൻ തന്റെ വീട് കാക്കുന്നു, സാധനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നു (ലൂക്കോസ് 11:. 21). ഇരുട്ടിന്റെ അധികാരത്തിൽ കഴിയുന്ന എല്ലാവരുടെയും കാര്യത്തിൽ ഇത് എത്ര സത്യമാണ്! ശക്തനായ മനുഷ്യൻ തന്റെ ഭവനം കാക്കുന്നതിനോടുപമിച്ച് പൗലോസ് അപ്പോസ്തലൻ എഴുതുന്നു: 'ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ അന്ധമാക്കിയിരിക്കുന്നു'. എന്തിനാണെന്നോ? സുവിശേഷത്തിന്റെ വെളിച്ചം അവരുടെ മേൽ ഉദിക്കാതിരിക്കാൻ.

എല്ലാ അശുദ്ധചിന്തകളുടെയും പിന്നിൽ, സ്വാധീനിക്കുന്നത് ദുഷ്ടാത്മാക്കളാണെന്നു തിരിച്ചറിയുന്നതുവരെ, മനുഷ്യരെ അന്ധകാരത്തിന്റെ ശക്തിയിൽ നിന്ന് വിടുവിച്ചു ദൈവപുത്രന്റെ വെളിച്ചത്തിലുള്ള രാജ്യത്തിലേക്ക് കൊണ്ടുവരുന്നത് സാധ്യമല്ല. കർത്താവിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കുമ്പോൾ ആദ്യം എങ്ങനെ ശക്തനെ ബന്ധിക്കാമെന്നു നാം അറിയണം. ശത്രുവിനെ നശിപ്പിക്കാൻ നാം നടത്തുന്ന ശ്രമങ്ങൾ അവനു പ്രകോപന കാരണമായേക്കാം.

എന്നാൽ സാത്താനേക്കാൾ ശക്തനായ സർവ്വശക്തനെക്കുറിച്ചു കർത്താവ് അരുളിച്ചെയ്യുന്നു. 'തന്നെക്കാൾ ശക്തനായ ഒരാൾ അവന്റെ നേരെ വരുമ്പോൾ, തന്റെ ആയുധം മുഴുവനും അവനിൽ നിന്ന് എടുത്ത് അവന്റെ കൊള്ള പങ്കിടുന്നു (ലൂക്കോസ് 11: 22). സാത്താനേക്കാൾ ശക്തൻ 'ആരെന്നു തിരിച്ചറിയാൻ ഒരു പ്രയാസവുമില്ല. യെശയ്യാപ്രവാചകൻ 'അവനെ അറുക്കാനുള്ള കുഞ്ഞാടായി' ചിത്രീകരിക്കുന്നു. കൂടാതെ 'രോമം കത്രിക്കുന്നവരുടെ മുമ്പിൽ ഒരു ആടിനെപ്പോലെ മിണ്ടാതിരിക്കുന്നവൻ'. അവൻ തന്റെ വായ് തുറന്നില്ല. സാത്താനെക്കാൾ വലി

**എല്ലാ അശുദ്ധചിന്തകളുടെയും പിന്നിൽ, സ്വാധീനിക്കുന്നത് ദുഷ്ടാത്മാക്കളാണെന്നു തിരിച്ചറിയുന്നതുവരെ, മനുഷ്യരെ അന്ധകാരത്തിന്റെ ശക്തിയിൽ നിന്ന് വിടുവിച്ചു ദൈവപുത്രന്റെ വെളിച്ചത്തിലുള്ള രാജ്യത്തിലേക്ക് കൊണ്ടുവരുന്നത് സാധ്യമല്ല.**

യവൻ കാൽവറിയിലെ കുഞ്ഞാടായി വെളിപ്പെട്ട കർത്താവായ ക്രിസ്തു തന്നെ. അവിടുന്ന് കാൽവറിയിലേക്ക് പോകുന്നതിനുമുമ്പും സാത്താനേക്കാൾ ശക്തനായിരുന്നു. അവൻ തന്റെ വചനത്താൽ ദുഷ്ടാത്മാക്കളെ പുറത്താക്കി, അശുദ്ധാത്മാക്കൾ അവന്റെ മുമ്പിൽ വീണു. സമയത്തിന് മുമ്പേ ഞങ്ങളെ പീഡിപ്പിക്കാൻ നീ എന്തിനു വന്നു എന്ന് അവർ ഭയപ്പെട്ടു കൊണ്ട് യേശുവിനോട് ചോദിച്ചു. എന്നാൽ അവൻ കാൽവറി കുരിശിൽ പാപപരിഹാരയാഗമാകുന്നതുവരെ, സാത്താനെ ആയുധവർഗ്ഗം വപ്പിച്ചിരുന്നില്ല.

കാൽവറിയിലെ കുഞ്ഞാട്, സാത്താൻ ബന്ധിച്ചു വച്ചിരുന്ന ബന്ദികളെ മോചിപ്പിക്കാൻ തന്റെ ജീവൻ നൽകി, മരണത്തിലൂടെ പിശാചിന്റെ പ്രവൃത്തികളെ നിഷ്ഫലമാക്കി. ക്രിസ്തു മാനവകുലത്തിന്റെ മുഴുവൻ പാപവും വഹിച്ചു കൊണ്ട് ക്രൂശിന്മേൽ പാപപരിഹാരബലിയായിത്തീർന്നു. ഇത് ബലവാനായിരുന്ന ശത്രുവിന്റെ ബലത്തെ നിർവീര്യമാക്കി. വീണ്ടെടുപ്പുകാരന്റെ മരണത്തിലൂടെ ശത്രുവിന്റെ ബലം ഇല്ലാതാക്കാൻ കുരിശിൽ ക്രിസ്തു വഴി ഒരുക്കി.

ജയാളിയായ കർത്താവ്, വീണ്ടുംജനിച്ചു പാപമോചനം പ്രാപിച്ചവരെ, ഇപ്പോഴും പാപബന്ധനങ്ങളിൽ ആയിരിക്കുന്ന മറ്റുള്ളവരെ മോചിപ്പിക്കാൻ രക്ഷാസുവിശേഷവുമായി നിയോഗിച്ചയയ്ക്കുന്നു. ഈ വെളിപ്പാട് ലഭിച്ചവരോട്, ക്രിസ്തു ചെയ്തതുതന്നെ ചെയ്യാൻ അവിടുന്ന് ആവശ്യപ്പെടുന്നു! അതായത്, പാപികളെ കാൽവറിയിലേക്ക് നയിക്കുക, അവരെ ബന്ധിച്ചിരിക്കുന്ന ബലവാനെ ബന്ധിക്കുക. അങ്ങനെ ശക്തന്റെ കവചം അവനിൽ നിന്ന് എടുക്കപ്പെടും. എന്നാൽ എങ്ങനെ? സാത്താന് നമ്മുടെ മേൽ യാതൊരു സ്വാധീനവും ഇല്ലെന്നു നമുക്ക് ഉറപ്പുണ്ടാകണം. ഇതിനായി കർത്താവ് കാൽവറിയിൽ

നടത്തിയ യാഗത്തിലൂടെ പാപമോചനം പ്രാപിച്ച്, ക്രിസ്തുവിനെ സ്വീകരിച്ചു സാത്താനിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കണം. അങ്ങനെ ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ട നാം പാപത്തിനു മരിച്ചു എന്ന് നമ്മെത്തന്നെ എണ്ണണം. കാരണം, സാത്താന് നമ്മിൽ അവകാശം പറയാവുന്ന ഏറ്റവും ശക്തമായ പിടിയാണ് പാപം. എല്ലാ പാപത്തിന്റെയും ഉറവിടം പിശാചാണ്.

'സാത്താൻ സാത്താനെ എങ്ങനെ പുറത്താക്കും? എന്നതുപോലെ പാപത്തിൽ ജീവിക്കുന്നവന് മറ്റൊരു പാപിയെ എങ്ങനെ സ്വതന്ത്രമാക്കുവാൻ കഴിയും? സാത്താന്റെ എന്തെങ്കിലും ചരക്കുകൾ നമ്മിലുണ്ടെങ്കിൽ അവന്റെ ശക്തിയിൽ നിന്ന് മറ്റുള്ളവരെ വിടുവിക്കുവാൻ നമുക്ക് കഴിയില്ല. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട നാം പാപത്തിനും ലോകത്തിനും ജഡത്തിനും മരിച്ചു. ക്രിസ്തു നമ്മിൽ ജീവിക്കുന്നു എന്നതു വിശ്വാസത്തിന്റെ അനുഗ്രഹീത വസ്തുതയാണ്. നമ്മുടെ മർത്യശരീരങ്ങളിൽ പാപം വാഴാൻ തക്കവണ്ണം ഹൃദയം ഒഴിഞ്ഞ അവസ്ഥയിൽ ആയിരിക്കാതെ, മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വാഴണം. ഏതെങ്കിലും തരത്തിലുള്ള പാപത്തെ താലോലിക്കുന്ന സ്വഭാവം നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ തടയുന്നു.

പാപത്തെ കീഴടക്കുന്നതിലൂടെ മാത്രമേ സാത്താന്റെ പ്രവർത്തനങ്ങളെ പിടിച്ചുകെട്ടാൻ കഴിയൂ. അതിനാൽ, നാം കാൽവറിയിലെ ജയം നമ്മുടെ ജയമാക്കുകയും പാപത്തോടു ശക്തമായ വേർപാട് പാലിക്കുകയും, എന്തു വിലകൊടുത്തും ദൈവത്തെ സേവിക്കാൻ തീരുമാനിക്കുകയും വേണം.

നമ്മെ, ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടവരായി കണക്കാക്കുകയും, പാപത്തോടു പോരാടുന്നതിൽ പ്രാണത്യാഗത്തോളം എതിർത്തുനിൽക്കുകയും ചെയ്യുമ്പോൾ, ശത്രുവായ സാത്താന്റെ ആയുധവർഗം മുഴുവൻ നിർവീര്യമാക്കപ്പെടുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സകലത്തെയും ജയിക്കുന്ന ജീവിതം എതിരാളിയുടെ മേൽ വിജയിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ●

## യോനായോടൊരു ചോദ്യം

**ടീച്ചർ:**

ഇന്നു നമ്മൾ തിമിംഗലത്തെപ്പറ്റി പഠിക്കാൻ പോകുകയാണ്. തിമിംഗലത്തെപ്പറ്റി എന്തെങ്കിലും അറിയാവുന്ന ആരെങ്കിലുമുണ്ടോ?

എല്ലാവരും നിശബ്ദരായിരുന്നപ്പോൾ ബ്ലസിമോൾ പറഞ്ഞു, യോനാപ്രവാചകനെ ഒരു വലിയ തിമിംഗലം വിഴുങ്ങിയ കാര്യം ബൈബിളിൽ നിന്നും പഠിച്ചിട്ടുണ്ട്.

**ടീച്ചർ:**

അതു തെറ്റാണ്, തിമിംഗലത്തിന് ഒരു മനുഷ്യനെ വിഴുങ്ങാൻ പറ്റില്ല. അതിന്റെ കഴുത്ത് തീരെ ഇടുങ്ങിയതാണ്.

**ടീച്ചർ വീണ്ടും:**

എന്തു പറയാനുണ്ട് ബ്ലസിമോളേ.

**ബ്ലസിമോൾ:**

എനിക്കറിഞ്ഞുകൂടാ, സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ യോനാപ്രവാചകനോടു ഞാൻ ചോദിക്കാം.

**ടീച്ചർ തുടർന്നു:**


യോനായെ സ്വർഗത്തിൽ കണ്ടില്ലെങ്കിലോ? ഇനി അഥവാ നരകത്തിലാണെങ്കിലോ?

**ബ്ലസിമോൾ:**

അപ്പോൾ പിന്നെ ടീച്ചർ ചോദിക്കേണ്ടിവരും.



പി വി വർഗീസ്



# മനസ്സ് ആരോഗ്യമുള്ളതാവട്ടെ...

മനസ്സിന്റെ ആരോഗ്യം ശരീരത്തിന്റെ ആരോഗ്യത്തെയും ശരീരത്തിന്റെ ആരോഗ്യം മനസ്സിന്റെ ആരോഗ്യത്തെയും പരസ്പരം ബാധിക്കുന്നതാണ്. ശരീരത്തിന്റെ ആരോഗ്യം ക്ഷയിച്ചാൽ മിക്കവരിലും മാനസിക ആരോഗ്യവും കുറഞ്ഞുവരുന്നതായി കാണാം. ഇതുപോലെ തന്നെ തിരിച്ചും സംഭവിക്കാനിടയുണ്ട്. ജീവിതത്തിലെ സമസ്തമേഖലയിലും ക്ഷേമം നിലനിർത്തണമെങ്കിൽ മനസ്സിന്റെ ആരോഗ്യസ്ഥിതി വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടുതന്നെ മാനസിക ആരോഗ്യം നിലനിർത്തുവാൻ ചില കാര്യങ്ങൾ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്.

ദൈവാശ്രയത്തിനാണ് അവയിൽ മുഖ്യപരിഗണന നാം നൽകേണ്ടത്. നമുക്ക് പരിധികളും പരിമിതികളും ഉണ്ട് എന്ന വസ്തുത സ്വയം അംഗീകരിച്ചേ മതിയാവൂ. എങ്കിലും നാം ആശ്രയിക്കുന്ന നമ്മുടെ ദൈവം യാതൊരുവിധ പരിമിതികളോ പരിധികളോ ഇല്ലാത്തവനും സർവ്വശക്തനും സർവ്വജ്ഞാനിയും അസാധ്യമായൊന്നുമില്ലാത്തവനും ആണ് എന്നുള്ള ശക്തമായ അവബോധം നമ്മിൽ രൂഢമൂലമാകേണ്ടതാണ്. ഈ ബോധ്യം മനസ്സിന് നൽകുന്ന ആരോഗ്യവും ധൈര്യവുംചെറുതൊന്നുമല്ല. ജീവിതത്തിൽ നാം നേരിടേണ്ടി വരുന്ന ഏതു വെല്ലുവിളികളെയും പ്രതിസന്ധികളെയും ധീരതയോടെ അഭിമുഖീകരിക്കുവാൻ ആവശ്യമായ മാനസിക ഊർജ്ജം ഇത് നമുക്കു നൽകുന്നു. 'എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും' എന്നുള്ള ദാവീദിന്റെ ദൈവാശ്രയത്തോടെയുള്ള പ്രഖ്യാപനം ഇതിനൊരു ഉത്തമ ഉദാഹരണമാണ്.

ആരോഗ്യമുള്ള മനോഭാവം, ദോഷകരമായ എന്തെങ്കിലും സംഭവിക്കുമോ എന്നുള്ള ആകുലതകളെ അല്ല, പ്രത്യുത എല്ലാം നന്മയ്ക്കാണെന്ന പോസിറ്റീവ് ചിന്താഗതിയിലേക്ക് മനസ്സിനെ ഫോക്കസ് ചെയ്തു ക്രമപ്പെടുത്തുന്നു. പ്രയോഗികമാക്കുവാൻ പ്രയാസം എന്ന് തോന്നിയാൽ പോലും, നന്ദിയുള്ള മനോഭാവം ഉത്തമവും അനിവാര്യവുമായ ജീവിതപാഠങ്ങളാണ് നമുക്ക് നൽകുന്നത്. എങ്ങനെ ജീവിക്കണം എന്ന് പഠിപ്പിക്കുന്ന സ്കൂളുകളോ കോളേജുകളോ യൂണിവേഴ്സിറ്റികളോ സിലബസോ ഒരിടത്തുമില്ല എന്നതും വിസ്മരിച്ചു കൂടാ.

ദൈവം എനിക്ക് അനുകൂലം എന്ന ചിന്തയിലൂടെയും ബോധ്യത്തിലൂടെയും നെഗറ്റീവ് ചിന്തയെ പോസിറ്റീവ് ആക്കി മാറ്റുന്നത് ആരോഗ്യമുള്ള മനസ്സ് ഉണ്ടായിവരാൻ നല്ലതാണ്. നാം ഇടപെടുന്ന മറ്റ് വ്യക്തികളെയും അവരുടെ മനോഭാവത്തെയും പെരുമാറ്റത്തെയും ചിന്തകളെയും മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും ബോധപൂർവ്വം ശ്രമിക്കേണ്ടതാണ്. നമ്മുടെ വിചാരവികാരങ്ങളെ ബോധപൂർവ്വം നിയന്ത്രിക്കേണ്ടതും ആരോടെങ്കിലും അനിഷ്ടം തോന്നിയാൽ അമർഷം കാണിക്കുകയോ ക്ഷോഭിക്കുകയോ ചെയ്യാതെ നമ്മുടെ മനോനിലയെ വിജയകരമായി നിയന്ത്രിക്കേണ്ടതുമാണ്. കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും നാം ഇടപെടുന്ന ഓരോ വ്യക്തികളോടും സഹയാത്രികരോടും സഹപ്രവർത്തകരോടും ഊഷ്മളമായ ബന്ധം

നിലനിർത്തുവാൻ, നമ്മുടെ വാക്കുകളും ഇടപെടലുകളും ഹൃദ്യമായിരിക്കുവാൻ, മന:പ്പൂർവ്വമായി ശ്രമിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നത് ആരോഗ്യമുള്ള മനസ്സ് ഉണ്ടായിവരാൻ നല്ലതാണ്.

നാം ചെയ്യുന്ന ഏതു കാര്യത്തിലായാലും അത് യാത്രയോ കൂട്ടായ മറ്റെന്തെങ്കിലും പ്രവർത്തനമോ എന്താണെങ്കിലും കൃത്യവും വ്യക്തവുമായ ലക്ഷ്യബോധവും സുതാര്യതയും ഉണ്ടായിരിക്കേണ്ടതാണ്. അപ്പോൾ തന്നെ ലക്ഷ്യസാക്ഷാത്കാരത്തിനുള്ള ഉത്സാഹവും പരിശ്രമവും നമ്മിലുണ്ടായിരിക്കണം. മറ്റുള്ളവരോടുത്തുള്ള പ്രവർത്തനത്തിൽ യോജിച്ചുപോകുവാൻ, ഇതുവരെ നാം ശീലിച്ചു വന്നതിൽ നിന്ന് വിരുദ്ധവും വ്യത്യസ്തവുമായ സാഹചര്യങ്ങളോട് പൊരുത്തപ്പെടുവാൻ ബോധപൂർവ്വം ശ്രമിക്കണം. പുതിയ പ്രവർത്തനമേഖലയിൽ ചില അനിശ്ചിതാവസ്ഥകൾ നേരിടേണ്ടി വന്നേക്കാം. അക്കാര്യങ്ങളെ വിമുഖതയോടെ കാണാതെ ക്രിയാത്മകമായി പ്രയോജനപ്പെടുത്തേണ്ടതാണ്.

വിശ്രമം ആവശ്യമായി വരുമ്പോൾ അതിന് സമയം കണ്ടെത്തുകയും പിരിമുറുക്കം ഒട്ടും ഇല്ലാതിരിക്കുവാൻ നമ്മെത്തന്നെ സൂക്ഷിക്കുകയും ചെയ്യണം. മനസ്സിന്റെ ആരോഗ്യത്തിനായി വചന വിരുദ്ധമല്ലാത്ത കാര്യങ്ങൾ ചെയ്യുന്നത് നമുക്കും നമ്മോടു കൂടെയുള്ളവർക്കും മാനസിക ക്ഷേമത്തിന് ഇടയാക്കും. ഉദാഹരണത്തിന് സഹപ്രവർത്തകരുമായി ചേർന്ന് ഒരു യാത്ര പോകുന്നതും അതിനിടെ ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതും പിരിമുറുക്കം കുറയ്ക്കും. മാത്രമല്ല, മാനസിക ഉല്ലാസവും അതുവഴിയായി മാനസിക ആരോഗ്യവും ഉളവാക്കുവാൻ സാധിക്കും. അതായത് ആവർത്തനവിരസത ഒഴിവാക്കി വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെയും ശൈലികളിലൂടെയും കർമ്മോൽസുകാരാകേണ്ടതാണ്. സഹപ്രവർത്തകർ ഒന്നിച്ചു ചേരുമ്പോൾ പദവിയുടെ വലിപ്പച്ചെറുപ്പം നോക്കാതെ ഒരു ശരീരത്തിലെ അവയവങ്ങളെന്ന പോലെ തികഞ്ഞ ഏകോപനത്തോടെ പെരുമാറുന്നത് വലിയ മാനസികോർജ്ജമാണ് പ്രദാനം ചെയ്യുന്നത്. അതുമാത്രമല്ല തുറന്നു സംസാരിക്കുന്നതു സുസാധ്യമാകയും ചെയ്യുന്നു.

പരിശ്രമങ്ങളിൽ പരാജയം സംഭവിച്ചാൽ തോൽവി വിജയത്തിലേക്കുള്ള ചവിട്ടുപടി ആണെന്ന് മനസ്സിലാക്കി, നിരാശപ്പെടാതെ അവയിൽ നിന്നും നാം ഉൾക്കൊള്ളേണ്ട പാഠങ്ങൾ പഠിച്ച് പ്രായോഗികമാക്കുക. വെല്ലുവിളികളെ ധൈര്യത്തോടെ തന്നെ ഏറ്റെടുക്കുക. പുതിയ കാര്യങ്ങൾ ചെയ്യുന്നതിലൂടെ നമ്മുടെ കഴിവുകളെ വികസിപ്പിച്ച് സാങ്കേതിക മികവ് പ്രാപിക്കുക. ജീവിത പരാജയങ്ങളും വൈഷമ്യമുള്ള വെല്ലുവിളികളും നമ്മെ തളർത്തുവാൻ അനുവദിക്കാതെ, ശുഭാപ്തി വിശ്വാസത്തോടെ വിജയം കൈവരിക്കുവാൻ മനപ്പൂർവമായി ശ്രമിക്കുക.

പരിചിതരല്ലെങ്കിൽ പോലും മറ്റുള്ളവരുടെ സഹായത്താലും സഹകരണത്താലും കൂട്ടായ യത്നത്തിലൂടെ മനസ്സിനെ ഏകാഗ്രമാക്കി കൊണ്ട് മടുത്തു പോകാതെ ഉത്സാഹത്തിൽ സ്ഥിരതയുള്ളവരായി മുന്നേറുക. തോൽവിയിൽ നിന്നും പ്രചോദനം ഉൾക്കൊള്ളുവാൻ ശീലിക്കുക. ഇലക്ട്രിക് ബൾബ് കണ്ടുപിടിച്ച തോമസ് ആൽവാ എഡിസൺ എന്ന വ്യക്തി രണ്ടായിരത്തോളം തവണ പരാജിതനായെങ്കിലും വിജയിക്കുന്നത് വരെ തുടരുവാൻ അക്ഷീണ യത്നം ചെയ്യുകയും ടീമിലുള്ള സഹപ്രവർത്തകരെ ഉത്സാഹിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൽ നാം കാണുന്ന ശുഭാപ്തി വിശ്വാസം അനിതരസാധാരണവും ആർക്കും പ്രചോദനം ഏകുന്നതും ആയിരുന്നു എന്നത് നമുക്ക് ജീവിതപാഠം ആയിരിക്കട്ടെ.

ഒരു പകൽ കഴിഞ്ഞാൽ ഒരു രാത്രി ഉള്ളതുപോലെ, വിജയവും പരാജയവും ജീവിതത്തിൽ മാറിമാറി വരുന്നു. അത്തരം വേളകളിൽ ഒരു കലാലയത്തിലും ലഭിക്കാത്തതെങ്കിലും വിജയിക്കുവാൻ വ്യക്തമായ ലക്ഷ്യബോധവും, ആ ലക്ഷ്യത്തിലെത്താൻ ഉള്ള രൂപരേഖയും, ശ്രദ്ധാപൂർവ്വമുള്ള സ്ഥിരപരിശ്രമവും, നാം എപ്രകാരം മുന്നേറുന്നു എന്ന സ്വയ ശോധനയും, തിരുത്തലുകൾ ആവശ്യമുണ്ടോ എന്ന തിരിഞ്ഞുനോട്ടവും, രൂപരേഖ അനുസരിച്ച് മാത്രമാണ് മുന്നേറുന്നത് എന്ന ഉറപ്പുവരുത്തലും, വിജയത്തിലേക്കുള്ള അനിവാര്യ ഘടകങ്ങളാണ്. എന്തെങ്കിലും പോരായ്മകൾ ആരെങ്കിലും ചൂണ്ടിക്കാണിച്ചാൽ സന്തോഷത്തോടെ അത് സ്വീകരിക്കുകയും പരിഹരിച്ചു മുന്നേറുവാൻ ബദ്ധശ്രദ്ധരായിരിക്കുകയും വേണം. ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുള്ള എല്ലാ ശാസ്ത്രജ്ഞന്മാരും തന്നെ, കഠിനാധ്വാനത്തിലൂടെ നേടിയെടുത്തതാണ് അവ എന്ന യാഥാർത്ഥ്യം മടുത്തുപോകാതെ മുന്നേറുവാൻ നമുക്ക് ഓരോരുത്തർക്കും പ്രചോദനമായി ത്തീരട്ടെ. ●



ഷാജി ഉമ്മൻ

# ക്രിസ്തീയ ജീവിതത്തിന്റെ മാധുര്യം

**ക**ർത്താവ് അവനോട്: നീ പോക; അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു. എന്റെ നാമത്തിനുവേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും എന്നു പറഞ്ഞു (അപ്പോസ്തല പ്രവൃത്തികൾ 9:15,16)

ദൈവസഭയെ ഉപദ്രവിച്ചുകൊണ്ടിരുന്ന ശൗൽ, കർത്താവിനാൽ പിടിക്കപ്പെട്ടതും മാനസാന്തരപ്പെട്ടതും അനന്യാസ് അറിഞ്ഞില്ല. ശൗലിനു കാഴ്ച പ്രാപിക്കുവാൻ അവന്റെ മേൽ കൈ വയ്ക്കണമെന്ന് കർത്താവു പറഞ്ഞപ്പോൾ, 'കർത്താവേ, ആ മനുഷ്യൻ യെരൂശലേമിൽ നിന്റെ വിശുദ്ധന്മാർക്ക് എത്ര ദോഷം ചെയ്തു എന്നു പലരും പറഞ്ഞു ഞാൻ കേട്ടിരിക്കുന്നു. ഇവിടെയും നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരെയൊക്കെയും പിടിച്ചു കെട്ടുവാൻ അവനു മഹാപുരോഹിതന്മാരുടെ അധികാരപത്രം ഉണ്ട്' എന്ന് ഭയാശങ്ക പറഞ്ഞപ്പോഴാണ് കർത്താവ് അവനോടിതു പറഞ്ഞത്. പൗലോസ് എന്നും പേരുള്ള ശൗലിനെ എത്ര വലിയൊരു പദവിയിലേക്കാണ് കർത്താവു തിരഞ്ഞെടുത്തത്. ഭൗമീകമായി വലിയൊരു പ്രതിഫലം പലരും പ്രതീക്ഷിക്കും. എന്നാൽ ഇവിടെ കർത്താവു പറയുന്നത് ആ പ്രതീക്ഷയ്ക്കു വിരുദ്ധമായിട്ടാണ്. 'എന്റെ നാമത്തിനുവേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും' എന്നാണ് പറയുന്നത്. അത് പൗലോസിന്റെ ജീവിതത്തിൽ വളരെ അന്വർത്ഥമായിരുന്നു എന്ന് പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതം തെളിയിക്കുന്നു. എന്നാൽ അദ്ദേഹം; കർത്താവിന്റെ നാമത്തിനു വേണ്ടിയുള്ള ഉപദ്രവം, അല്ലെങ്കിൽ കഷ്ടം, ആസ്വദിക്കുകയായിരുന്നു.

'നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നത് താൽക്കാലികം, കാണാത്തതോ നിത്യം' (2 കൊരിന്ത്യർ 4:17,18). അത്യന്തം അനവധിയായി ലഭിക്കുന്ന തേജസ്സിന്റെ നിത്യഘനം മനസിലാക്കിയ ഒരു ഭക്തന് ഈ ലോകത്തിലെ എത്ര വലിയ കഷ്ടങ്ങളും നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടമായേ

തോന്നുകയുള്ളൂ. അദ്ദേഹത്തിന് ലഭിച്ച ലഘു വായ കഷ്ടങ്ങളെ കുറിച്ച് അല്പം വിശദീകരിച്ചത് നമുക്ക് അറിയാം; 'അധികം പ്രാവശ്യം തടവിലായി, അനവധി അടികൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി; യെഹൂദരാൽ ഞാൻ ഒന്ന് കുറയ,നാൽപതു അടി അഞ്ചുവട്ടം കൊണ്ടു... പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണ സംഗതികൾ ഭവിച്ചത് കൂടാതെ എനിക്കു ദിവസേന സർവ്വസഭകളെയുംകുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട് (2 കൊരിന്ത്യർ 11:23-28). അതായതു ഒരു ശരാശരി മനുഷ്യന് താങ്ങാവുന്നതിനപ്പുറമായ കഷ്ടങ്ങൾ അദ്ദേഹ ത്തിന് ലഘുവായി തോന്നി.

അതുമാത്രമല്ല, ഈ ലോകം തരുന്ന മാന്യത യുടെയും ആദരവുകളുടെയും നിസ്സാരത്വവും അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. ലുസ്ത്ര യിൽ അമ്മയുടെ ഗർഭംമുതൽ മുടന്തനായി ഒരിക്കലും നടന്നിട്ടില്ലാത്ത ആൾ സൗഖ്യം പ്രാപിച്ചത് കണ്ടു പുരുഷാരം പൗലോസിനെയും, ബർന്നബാസിനെയും ദേവന്മാർ എന്ന് കരുതി ആരാധിക്കാനും മറ്റും ഭാവിച്ചപ്പോൾ; 'വസ്ത്രം കീറികൊണ്ടു പുരുഷാരത്തിന്റെ ഇടയിലേക്ക് ഓടിച്ചെന്നു നിലവിളിച്ചു പറഞ്ഞത്; ഞങ്ങളും നിങ്ങളോടു സമസ്വഭാവമുള്ള മനുഷ്യർ അത്രേ എന്നാണ്' (അപ്പോസ്തല പ്രവൃത്തികൾ 14:8-18). അതേ അധ്യായത്തിൽ, പുരുഷാരം പൗലോ സിനെ കൊല്ലുവാനായി കല്ലെറിഞ്ഞു, മരിച്ചു എന്ന് വിചാരിച്ചു പട്ടണത്തിനു പുറത്തേക്കു ഇഴച്ചുകളഞ്ഞു. പിന്നീട് പൗലോസ് ശിഷ്യരോട്, 'വിശ്വാസത്തിൽ നിലനിൽക്കേണം എന്നും നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നുംപ്രബോധിപ്പിച്ചു ശിഷ്യന്മാരുടെമനസ്സുറപ്പിച്ചു'പോരുകയായിരുന്നു. കഷ്ടങ്ങളിൽകൂടി കടന്നു പോയഒരാൾക്കുമാത്രമേ അങ്ങനെമറ്റുള്ളവരെ ഉറപ്പിക്കുവാൻകഴിയുക യുള്ളു. വെളിച്ചപ്പാടത്തിയിലെ ഭൂതത്തെപുറത്താ ക്കിയ പൗലോസിനെയും ശീലാസിനേയും, അ ധിപതികൾ വസ്ത്രംപറിച്ചുരിഞ്ഞുകോൽ കൊണ്ടു അടിപ്പിക്കയും തടവിലാക്കുകയും ചെയ്തു. റോമാപൗരരാണ് തങ്ങളെന്ന് മുന്നമേ പറഞ്ഞിരുന്നുവെങ്കിൽ,അവരെതടവിലാക്കുകയില്ലാ യിരുന്നു. എന്നാൽ കാരാഗൃഹപ്രമാണിയും കുടുംബവും രക്ഷിക്കപ്പെടേണ്ടതിനു അതനി വാര്യമായിരുന്നു.

അപ്രതീക്ഷിതമായി ഒരാൾ അനേക ശത

**ക്രിസ്തുവിന്റെ പരിജ്ഞാനത്തിലേക്കുള്ള വളർച്ചയ്ക്ക്, നാം പലപ്പോഴും കഷ്ടതയിലൂടെ കടന്നു പോകേണ്ടതായി വരും. ദൈവഹിത ത്തിന്റെ കേന്ദ്രബിന്ദുവിലെത്തിക്കാൻ ദൈവം നമ്മെ പലശോധനകളിലൂടെയും കടത്തി വിട്ടേക്കാം. പരിശുദ്ധാത്മാവിനാൽ അത് ബോധ്യപ്പെട്ട ഒരാൾക്ക് തന്റെ ജീവിതത്തിൽ വരുന്ന ഏതു പ്രതിസന്ധിയെയും ആസ്വദിച്ചുകൊണ്ട് മുന്നോട്ടു പോകുവാൻ ദൈവം കൃപ നൽകും.**

കോടികളുടെ ഉടമസ്ഥനായെന്നിരിക്കട്ടെ. അദ്ദേഹത്തിന്റെ പേഴ്സിൽ നിന്നും ഒരു രൂപ നാണയം ഒരു ഓടയിലേക്കു വീണെങ്കിൽ, അത് പോയതിൽ അദ്ദേഹം ദു:ഖിക്കുമോ? അതെടു ക്കാൻ അദ്ദേഹം മിനക്കെടുമോ? നമുക്ക് ലഭിച്ച രക്ഷയുടെ വില മനസ്സിലാക്കിയവർ ഇങ്ങനെ യായിരിക്കും ഈ ലോകത്തിലെ മാന്യതകളോ, നഷ്ടങ്ങളോ കണക്കാക്കുന്നത്. പൗലോസ് പറഞ്ഞതുപോലെ അവർക്കു അവ ചപ്പു ചവറുക ളായിരിക്കും. രക്ഷയുടെ വില മനസ്സിലാക്കിയ മിഷനറിമാർ, അവരുടെ സ്വന്ത ക്കാരെയും സ്വത്തുക്കളെയും എല്ലാം വിട്ടു സുവിശേഷം എത്താത്ത രാജ്യങ്ങളിൽ പോയതു കൊണ്ടാണ്, ഇന്ന് നമുക്കും ഈ സുവിശേഷം ലഭ്യമായത്.

ക്രിസ്തുവിന്റെ പരിജ്ഞാനത്തിലേക്കുള്ള വളർച്ചയ്ക്ക്, നാം പലപ്പോഴും കഷ്ടതയിലൂടെ കടന്നു പോകേണ്ടതായി വരും. ദൈവഹിത ത്തിന്റെ കേന്ദ്രബിന്ദുവിലെത്തിക്കാൻ ദൈവം നമ്മെ പലശോധനകളിലൂടെയും കടത്തി വിട്ടേക്കാം. പരിശുദ്ധാത്മാവിനാൽ അത് ബോധ്യ പ്പെട്ട ഒരാൾക്ക് തന്റെ ജീവിതത്തിൽ വരുന്ന ഏതു പ്രതിസന്ധിയെയും ആസ്വദിച്ചുകൊണ്ട് മുന്നോട്ടു പോകുവാൻ ദൈവം കൃപ നൽകും. അങ്ങനെയാണ് ക്രിസ്തീയ ജീവിതം ആസ്വാദ്യ കരമായി മാറുന്നത്. ●



ജോൺസൺ കടമ്പനാട്

# ധീരമായ ദൈവിക ഉടമ്പടി

**പാ**പത്തിനു കാരണമാകുന്ന അവയവത്തെ സ്വയമായി നീക്കം ചെയ്യാൻ മടി കാണിക്കാത്ത, ദൈവത്തോട് പാപം ചെയ്യാതിരിക്കാൻ ഇയ്യോബ് ചെയ്തതു പോലെ കണ്ണുമായി മാത്രമല്ല, സകല ഇന്ദ്രിയങ്ങളുമായി നിയമം ചെയ്യുന്ന അനുഭവമുള്ള ജീവിതം ധന്യമാണ്! ധീരമായ ദൈവിക ഉടമ്പടി. കർത്താവിനായി ജീവിക്കുന്ന ചിലർ ജീവത്യാഗം ചെയ്യുവാൻ ഒരുങ്ങിയേക്കാം. പാപം ചെയ്യുന്നത് കൈയാണെങ്കിൽ അതിനെ ആത്മമനുഷ്യന്റെ ഹൃദയത്തിൽ നിന്ന് അതായത് ചിന്താമണ്ഡലത്തിൽ നിന്ന് വെട്ടി എറിഞ്ഞാൽ മതിയാകും. അക്ഷരാർത്ഥത്തിൽ ശരീരത്തിലിത് ചെയ്യണമെന്ന് അല്ല യേശു ഉദ്ദേശിച്ചത്. 'ശരീരം മുഴുവൻ നിത്യനരകത്തിൽ' പോകാതിരിക്കണമെങ്കിൽ നാംപാപത്തെ അത്രമാത്രം വെറുത്തെങ്കിൽ മാത്രമേ പറ്റൂ. പാപത്തിന് പരിഹാരം വരുത്തിയ കർത്താവിനെ ധ്യാനിച്ചാൽ മതി പാപത്തെ ഹൃദയം കൊണ്ട് വെറുക്കാൻ. കാര്യങ്ങൾ ഇത്ര ഗൗരവം ഉള്ളതാകണമെങ്കിൽ നിത്യജീവൻ പ്രാപിക്കുവാൻ വേണ്ടി ക്രിസ്തു നൽകിയ വില നമുക്ക് ബോധ്യമാകണം. പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു ദൈവം. സ്വന്തപുത്രനെ ആദരിക്കാത്ത ദൈവത്തിന്റെ നീതിയും ന്യായവും സ്നേഹവും അത്രമാത്രം ഉദാത്തവും ഉത്തമവും ആണെന്ന് നാം കാണാതിരിക്കരുത്.

യേശുവിന്റെ വാക്കുകൾ പലർക്കും ദുർഗ്രഹമാണെന്നു തോന്നാം. എങ്കിലും നിത്യജീവനെക്കുറിച്ചു ഓർക്കാനും ചിന്തിക്കാനും ജീവിതത്തെ അളക്കുവാനും അത് അനിവാര്യമാണ്. പാപം ചെയ്യാൻ കണ്ണ് കാരണമാകാം. പാപം മരണത്തിലേക്കു അതായതു നിത്യനരകത്തിലേയ്ക്ക് നയിക്കുന്നു. എന്നാൽ ദൈവത്തിന്റെ ഔദാര്യം, ദയ, ദീർഘക്ഷമ, മനസ്സലിവ് എന്നിവയാൽ ദൈവം നൽകുന്ന ദാനമാണ് വീണ്ടും ജനിച്ചു വചനാനുസരണം ജീവിക്കുന്നവർക്ക് ലഭ്യമാകുന്ന രക്ഷ.

പാപത്തെ വെറുക്കുവാൻ മനസ്സില്ലെങ്കിൽ, പാപത്തിന്റെ കാരണക്കാരൻ ഒരു അവയവം ആകുന്നുവെങ്കിൽ അതിനെ നീക്കിക്കളയുക. ഹോ.. ഇത് എത്ര കഠിനമായ നിയമം എന്ന് തോന്നിപ്പോകും. എന്നെ സ്നേഹിക്കുന്നവൻ എന്റെ ഇഷ്ടം പ്രമാണിക്കുന്നവനാണ്. 'എന്നെ കർത്താവേ, കർത്താവേ എന്ന് വിളിക്കുന്നവനല്ല, എന്റെ ഇഷ്ടം ചെയ്യുന്നവനിലത്രേ ദൈവം പ്രസാദിക്കുന്നത്'. ആ മകൻ പിതാവിന്റെ മുമ്പാകെ വിശ്വസ്തനായ, പക്വതപ്പെട്ട, ഒരു പുത്രന് തുല്യം. പിതാവ് ആ മകനെ കാര്യങ്ങൾ ഭരമേൽപ്പിക്കുവാൻ തയ്യാറായിരിക്കുന്ന ഒരു അവസ്ഥ ഓർത്തു നോക്കുക. കാര്യങ്ങളുടെ ശരിയായ കണ്ടെത്തുലകൾ ദൈവീകമാണ്.

ദൈവത്തിനുവേണ്ടി കുറെ കാര്യങ്ങൾ ചെയ്തെടുക്കുന്നു എന്ന് ഭാവിക്കുന്ന ചില പ്രസംഗകരെ കൊണ്ട് ദൈവരാജ്യത്തിന് വലിയ പ്രയോജനം ഉണ്ടെന്നു തോന്നുന്നില്ല. ദൈവവിളിയില്ലാത്തവരും ദൈവം തെരഞ്ഞെടുക്കാത്തവരും നയിക്കുന്ന പ്രവൃത്തികൾ ശരിക്കും നിഷ്പ്രയോജനമാണ്. അവർ കർത്താവിനെ അല്ല ഉയർത്തുന്നത് മറിച്ച്

തങ്ങളെത്തന്നെയാണ്. തങ്ങളിലൂടെ ദൈവം വൻ കാര്യം ചെയ്യുന്നതായി അവർ തെളിയിക്കാൻ ശ്രമിക്കുന്നു. അവർ ദൈവത്തേക്കാൾ അധികം പണത്തെ സ്നേഹിക്കുന്നു. അതിനാൽ അവർ സ്വയത്തെ ഉയർത്തിക്കാണിക്കുന്നു. അവർ ശരിയായ ലക്ഷ്യബോധമില്ലാതെ ജീവിക്കുന്നവരാണ്. ചിലപ്പോൾ തോന്നാം അവർ നല്ല കാര്യങ്ങൾ ചെയ്യുന്നുവല്ലോ, കർത്താവിനെക്കുറിച്ച് വാചാലരാകുന്നുവല്ലോ എന്ന്. മാനുഷിക നിലയിൽ ശരി തന്നെയാണ്. കാര്യസാധ്യത്തിനായി മനുഷ്യരെ പ്രസാദിപ്പിക്കുന്ന ആർക്കും, ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയില്ല. മറ്റുള്ളവരെ ശ്രേഷ്ഠരെന്നെണ്ണുക എന്ന ദൈവേഷ്ടം തിരിച്ചറിഞ്ഞു അനുസരിക്കുകയാണ് ആവശ്യം.

'ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ആത്മാവിനെ നേടാൻ കഴിയില്ലെങ്കിൽ എന്ത് നേട്ടം'? ആത്മാവിൽ ദൈവത്തിന്റെ ജീവൻ ഉൾക്കൊള്ളുന്നതാണ് സുവിശേഷത്തിന്റെ സന്ദേശം. ജീവിപ്പിക്കുന്ന ആത്മാവിന്റെ ശക്തി വ്യാപരിക്കുന്ന സുവിശേഷഘോഷണം ഇന്ന് തുലോം കുറവാണ്. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും പ്രസംഗിക്കുന്നത് ദൈവഹിതാനുസരണം അല്ല. അതുകൊണ്ടാണ് വിശുദ്ധ പൗലോസ് പറഞ്ഞത്: 'എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും' എന്ന്.

പണവും പദവിയും, പേരും പ്രശസ്തിയും ഉണ്ടാക്കുവാൻ ദൈവികതയെ ഉപയോഗിക്കുമ്പോൾ, ദൈവനാമം ദുഷിക്കപ്പെടുവാൻ കാരണമാകുന്ന എത്രയോ കാര്യങ്ങൾ നാം ചെയ്യേണ്ടി വരുന്നു. ഒരു വിവാഹ ശുശ്രൂഷ തന്നെ ഉദാഹരണം ആക്കാം. ചിന്തിക്കുമ്പോൾ മറ്റു സമൂഹത്തേക്കാൾ നമുക്ക് എന്ത് വിശേഷതയുണ്ട്? കല്യാണ ഓഡിറ്റോറിയം, കേറ്ററിംഗ്, അലങ്കാരം, ഫോട്ടോ സെഷൻ, ഇതെല്ലം പണക്കൊഴുപ്പ് കാണിക്കുവാനുള്ള അവസരങ്ങൾ ആക്കുകയല്ലേ? പ്രശസ്തരായ പാസ്റ്റർമാരുടെ സാന്നിധ്യം, അവർ യാഥാർത്ഥ്യമറിയാതെ നടത്തുന്ന പുകഴ്ച്ച പ്രസംഗങ്ങൾ, ആശംസകൾ, പാട്ടുകാർ നിയന്ത്രിക്കുന്ന പാട്ടുകച്ചേരി, അങ്ങനെ അനവധി ദൈവഹിതം അല്ലാത്ത കാര്യങ്ങൾ. ഒടുവിൽ മണവാളന്റെയും മണവാട്ടിയുടെയും വലങ്കരം പിടിപ്പിച്ചു ഉഭയസമ്മതം ചെയ്തു വിവാഹം നടത്തുന്നു. ഈ ശുശ്രൂഷകളിലെല്ലാം വേദവാക്യങ്ങൾ ഉരുവിടുവാനും ആരും മറക്കുന്നില്ല.

അപ്പോസ്തലന്മാർ കല്യാണത്തിന് ഒരു രീതി അവലംബിച്ചതായി വചനത്തിൽ തെളിവില്ല. രക്ഷിക്കപ്പെട്ടവരുടെ വിവാഹം ഉഭയസമ്മതം ആയിരിക്കുമ്പോൾ, അത് ഒരാൾ മുഖ്യനായി ഇരുവരുടെയും കൈകൾ ചേർത്തുവച്ച് അവരെ അനുഗ്രഹിക്കുന്നതിനാൽ തെറ്റൊന്നുമില്ല. എന്നാൽ ആത്മീയ ശുശ്രൂഷകൾ ആർഭാടമാക്കുന്നതും ശുശ്രൂഷകളിൽ ദൈവഹിതം അല്ലാത്തതും ദൈവം ആഗ്രഹിക്കാത്തതുമായ ധൂർത്തും ഒക്കെ എന്തിനാണ്? ഇതൊന്നുമില്ലെങ്കിലും വിവാഹം ലളിതമായി പ്രാർത്ഥിച്ചു അനുഗ്രഹിച്ചു നടത്തിയാൽ അവർ ഭാര്യാഭർത്താക്കന്മാരായി ജീവിച്ചു കൊള്ളും. സർക്കാർ നിയമപ്രകാരം വിവാഹ സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്താൽ ലഭിക്കുന്നതുമാണ്. ഭക്തന്മാർക്ക് ഒരിക്കൽ യോഗ്യമല്ലാതിരുന്ന 'ലോകവും അതിന്റെ മോഹവും' ഇന്ന് സഭയ്ക്കുള്ളിൽ കയറി എന്ന് നമുക്കും തോന്നുന്നില്ലേ? ജാതികളുടെ ആചാരങ്ങൾ ചിലരെങ്കിലും തുടരുന്നു. യോഗ്യമല്ലാത്ത കാര്യം പലതും സഭയ്ക്കുള്ളിൽ ഉണ്ട്. ദൈവത്തെ അനുസരിക്കുന്നതിന് പകരം പ്രോഗ്രാമുകൾ നടത്തി സംതൃപ്തി അടയുന്ന പ്രവണത എന്നാണോ സഭകളിൽ നിന്ന് മാറിപ്പോകുന്നത്?

പരമാർത്ഥികളും സത്യസന്ധരുമായ വിശ്വാസികളുടെ ഉറക്കത്തെ കെടുത്തുന്ന 'ജാതികളുടെ വഴികൾ' എന്നു നിർത്തുമോ ആവോ? നാം ആത്മീയമെന്ന് ധരിച്ച് ചെയ്തുകൂട്ടിയ 'ജാതികളുടെ വഴികൾ' തെറ്റായ കാര്യങ്ങൾ ആണെന്ന് കർത്താവിന്റെ നാളിൽ തിരിച്ചറിയും.

കണക്കുപറഞ്ഞ് പണം വാങ്ങിയതിന് ദൈവദാസന്മാർ കണക്ക് കൊടുത്തേ മതിയാവൂ. വാങ്ങുന്നവർ മാത്രമല്ല ദൈവഹിതമല്ലാത്ത കാര്യങ്ങൾ തിരിച്ചറിയാതെ വാരിക്കോരി കൊടുത്തവരും കണക്കു ബോധിപ്പിക്കേണ്ടിവരും. കാരണം ദൈവം സമ്പത്തു നൽകിയപ്പോൾ അതു വിനിയോഗിച്ചത് ദൈവഹിത പ്രകാരം അല്ലായിരുന്നല്ലോ.

യേശു ഒരു കാര്യവും വെറുതെ സംസാരിച്ചിട്ടില്ല. തന്റെ വാക്ക് കേൾക്കുന്നവന്റെ ഹൃദയം കുത്തുകൊള്ളുന്നതും കത്തിക്കൊണ്ടിരിക്കുന്നതും ആയിരിക്കണം. കാരണം അത് നിത്യജീവന്റെ മൊഴികൾ ആണല്ലോ. യേശു പലർക്കും ഇന്ന് ഒരു ആദായസൂത്രം മാത്രമാണ്. കറവപ്പശുവിനെപ്പോലെ ചിലർ ആത്മികതയെ കാണുന്നു. നരകശിക്ഷ ഉണ്ടാകാതിരിക്കുവാൻ ആണ് 'വലംകൈ ഇടർച്ച ആണെങ്കിൽ അതിനെ വെട്ടി എറിഞ്ഞു കളയുക' എന്ന് യേശു പറഞ്ഞത്. ●

# ഉപദേശത്തിൽ വ്യക്തതയുണ്ടായിരുന്ന ഉപദേഷ്ടാവ്

**എ**ന്നും ഓർമ്മയിൽ നിലനിൽക്കുന്ന ഒരു വ്യക്തിത്വമായിരുന്നു ബഹുമാനപ്പെട്ട കുന്നുമ്മേൽ അച്ചൻ. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1994 ലാണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത്. ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീമിന്റെ മീറ്റിങ്ങിൽ പ്രസംഗിക്കുവാൻ കേരളത്തിൽ എത്തിയപ്പോൾ മൂവാറ്റുപുഴയിൽ നടന്ന മലങ്കര ക്രിസ്ത്യൻ ചർച്ചിന്റെ ഒരു ധ്യാനയോഗത്തിൽ സംബന്ധിക്കുവാൻ ഇടയായി. അന്നാണ് ആദ്യമായി അദ്ദേഹത്തെ പരിചയപ്പെടുന്നത്.

യാക്കോബായ സഭയിൽ നിന്നും അഞ്ചു വൈദികർ വിശ്വാസസ്നാനം സ്വീകരിച്ചു എന്ന വാർത്ത ക്രിസ്തീയലോകത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു. ദൈവവചനത്തിലെ സത്യങ്ങൾ മനസ്സിലായപ്പോൾ അത് സ്വീകരിക്കുന്നതിനും മറ്റുള്ളവരെ പഠിപ്പിക്കുന്നതിനും സമർപ്പിതരായ ഈ വൈദികരെ ഞാൻ ഏറെ ബഹുമാനത്തോടെയാണ് കണ്ടത്. അവരുടെ ഉറച്ച തീരുമാനവും ധീരതയും പ്രശംസനീയം ആയിരുന്നു. അവർ ആരംഭിച്ച പ്രാർത്ഥനാക്കൂട്ടങ്ങളിലൂടെ ഉണർവ് പലയിടങ്ങളിൽ വ്യാപാരിക്കുവാനിടയായി. അതിന് നേതൃത്വം കൊടുത്തു വന്ന കുന്നുമ്മേൽ അച്ചനെയും മറ്റ് വൈദികരേയും പരിചയപ്പെടുമ്പോൾ ഹൃദയത്തിൽ എന്തെന്നില്ലാത്ത ആനന്ദവും അഭിമാനവും ആയിരുന്നു.

ശാന്തതയും ഘനഗംഭീരതയും ഞാൻ അച്ചനിൽ ശ്രദ്ധിച്ചിട്ടുണ്ട്. സംസാരത്തിൽ അദ്ദേഹം വളരെ ശാന്തനും സൗമ്യനും ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ വാക്കുകൾ ഘനവും ഊറ്റവും ഉള്ളതായിരുന്നു. വളരെ വ്യക്തതയോടെ ഏതുകാര്യവും പറയുവാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. മുഖസ്തുതിയോ ഉപായങ്ങളോ അദ്ദേഹത്തിന്റെ വാക്കുകളിൽ ഉണ്ടായിരുന്നില്ല. സംസാരത്തിൽ മിതത്വവും ശ്രദ്ധയും അദ്ദേഹം പുലർത്തിയിരുന്നു. ഘനശാലിയായ ഒരു ആത്മീക നേതാവായിരുന്നു അദ്ദേഹം എന്നു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

ബഹുമാനപ്പെട്ട അച്ചൻ നിലപാടുകളിൽ ധീരതയുള്ള വ്യക്തിത്വമായിരുന്നു. പൗരോഹിത്യവും പാരമ്പര്യവും ഉപേക്ഷിച്ചത് ആ ധീരതയുടെ വലിയ തെളിവാണല്ലോ. തുടർന്നും വചനവിരുദ്ധമായ യാതൊന്നിനോടും സന്ധി ചെയ്യാത്ത ധീരമായ ഒരു നിലപാടെടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. വചനസത്യങ്ങളിൽ ഉറച്ചുനിൽക്കുന്നതിനും, സഭയെ ഉറപ്പിച്ചുനിർത്തുന്നതിനും അദ്ദേഹം വളരെ ശ്രദ്ധാലുവായിരുന്നു. അദ്ദേഹം എന്തു വിശ്വസിക്കുന്നു എന്നതിൽ വ്യക്തത ഉണ്ടായിരുന്നതുകൊണ്ട് സഭയ്ക്ക് നൽകിയിരുന്ന ഉപദേശവും സുവ്യക്തമായിരുന്നു.

ലളിതജീവിതത്തിൽ സംതൃപ്തി കണ്ടെത്തിയ ഒരു വ്യക്തിയായിരുന്നു ബഹുമാനപ്പെട്ട അച്ചൻ. ആഡംബര ജീവിതത്തിലും സുഖലോലുപതയിലും അദ്ദേഹം ആകൃഷ്ടനായിരുന്നില്ല. കേരളത്തിനു പുറത്തേക്ക് യാത്ര ചെയ്യുന്നതിൽ അദ്ദേഹം വിമുഖൻ ആയിരുന്നു. തന്റെ ശുശ്രൂഷാമണ്ഡലം കേരളമാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ തിരിച്ചറിവ്. പേരിനോ പ്രസിദ്ധിക്കോ ഉള്ള ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നില്ല. ദൈവം ഏൽപ്പിച്ച ശുശ്രൂഷ തികയ്ക്കുക എന്ന ലക്ഷ്യത്തിൽ തന്റെ ഹൃദയത്തെ ഏകാഗ്രമാക്കി അതിൽ താൻ സന്തോഷം കണ്ടെത്തി.

അദ്ദേഹം വിശുദ്ധജീവിതത്തിന് വളരെ പ്രാധാന്യം കൊടുത്തിരുന്നു. അശുദ്ധിക്കെതിരെ സന്ധിയില്ലാത്ത യുദ്ധമാണ് അദ്ദേഹം നടത്തിയത്. വിശുദ്ധജീവിതത്തെക്കുറിച്ച് ആധികാരികതയോടും തികഞ്ഞ ബോധ്യത്തോടും അദ്ദേഹം പ്രസംഗിച്ചു, പഠിപ്പിച്ചു. മരണംവരെ സാക്ഷ്യമുള്ള ജീവിതം നയിക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തിന്റെ വേർപാട് സഭയ്ക്ക് ഒരു വലിയ നഷ്ടം തന്നെയാണ്. എന്നാൽ അദ്ദേഹത്തിന്റെ മാതൃകയും, നൽകിയ വിലപ്പെട്ട ഉപദേശങ്ങളും സഭയ്ക്ക് എന്നും മാർഗ്ഗദീപം ആയിരിക്കതന്നെ ചെയ്യും.

**ജോയ് എം തോമസ്**





സുജ വിനു

# അന്തരംഗത്തിൽ ക്രിയ ചെയ്യുന്ന വചനം

**ക്രി**സ്തുമതത്തിലെ ക്രിസ്തുവും തിരുവെഴുത്തിലെ ജീവിക്കുന്ന ക്രിസ്തുവും ഒരിക്കലും ഒരിടത്തും കൂട്ടിമുട്ടുന്നില്ല എന്ന് ഖലീൽ ജിബ്രാൻ പറഞ്ഞിട്ടുണ്ടല്ലോ. ക്രിസ്ത്യാനി എന്ന് സ്വയം വിശ്വസിച്ചിരുന്ന എനിക്ക്, തിരുവെഴുത്തിലെ ജീവിക്കുന്ന ക്രിസ്തുവിനെ കണ്ടുമുട്ടുക ഒട്ടും എളുപ്പമായിരുന്നില്ല. ബൈബിൾ വായിക്കാനും പഠിക്കാനും ശ്രമിക്കുമ്പോഴൊക്കെ അതിലെ ചില സ്ത്രീവിരുദ്ധ പരാമർശങ്ങൾ മനസ്സിനെ തളർത്തുമായിരുന്നു. പക്ഷെ വൈരുധ്യമെന്നു തോന്നാമെങ്കിലും, ചില സ്ത്രീജീവിത ചിത്രണങ്ങൾ തന്നെയാണ്, പിന്നെയും പിന്നെയും എന്നെ ബൈബിളിലേയ്ക്ക് തിരികെ വിളിച്ചതും അതിലൂടെയുള്ള യാത്ര സുഗമമാക്കി അതിൽ നിലനിർത്തിയതും.

രക്ഷയെയും അതിലൂടെ വെളിപ്പെടുന്ന ദൈവികനീതിയെയും കുറിച്ചൊക്കെ ഗ്രഹിക്കുന്നതിനു മുമ്പേ, വചനത്തിലൂടെ എന്നോട് സംവദിച്ച ചില സ്ത്രീ വ്യക്തിത്വങ്ങളെക്കുറിച്ചുള്ള ഒരനുഭവക്കുറിപ്പുകൂടിയാണിത്. ചോദ്യങ്ങളും സംശയങ്ങളും നിരവധി ഉയരുകയും ഉത്തരം ലഭിക്കാൻ വഴി കാണാതിരിക്കുകയും ചെയ്ത വചനവായനയുടെ ആ കാലത്ത് മനസ്സിൽ പതിഞ്ഞു കിടക്കാൻ ദൈവം കൃപ തന്ന വരികളൊക്കെയും സ്ത്രീപക്ഷ സ്വഭാവമുള്ളവ ആയിരുന്നു എന്ന് ഞാനിപ്പോൾ ഓർത്തെടുക്കുന്നു. 'പിന്നീടൊരിക്കലും അവളുടെ മുഖം മ്ലാനമായില്ല' എന്ന വചനം അതിൽ പ്രധാനമായിരുന്നു.

ഹൃദയം മുഴുവൻ ദൈവസന്നിധിയിൽ പകർന്നപ്പോൾ ഹന്ന അനുഭവിച്ച സമാധാനം ജീവകാലം മുഴുവൻ അവളിൽ നിലനിന്നു. ജപങ്ങളും, നൊവേനകളും, മധ്യസ്ഥ പ്രാർത്ഥനകളും ഉരുവിട്ട് ശീലിച്ച എന്നിലെ 'ക്രിസ്ത്യാനിയെ' അന്തരംഗം മുഴുവൻ ദൈവത്തിലേക്ക് ചൊരിയാൻ ആദ്യം പഠിപ്പിച്ചത് ഹന്നയായിരുന്നു. ഹന്നയെപ്പോലെ ഒരൊറ്റ പ്രാർത്ഥനയാൽ അല്ലെങ്കിൽ പോലും ഹൃദയത്തിന്റെ തുറന്നുവയ്ക്കലുകളിലൂടെ, ആത്മഭാരം കുറയുന്നത് അറിയുന്നുണ്ടായിരുന്നു. ചോദിച്ചത് ലഭിച്ചു കഴിഞ്ഞപ്പോൾ അല്ല, ദൈവസന്നിധിയിൽ സമർപ്പിച്ചപ്പോൾ തന്നെ

**വൈരുധ്യമെന്നു തോന്നാമെങ്കിലും, ചില സ്ത്രീജീവിത ചിത്രണങ്ങൾ തന്നെയാണ്, പിന്നെയും പിന്നെയും എന്നെ ബൈബിളിലേയ്ക്ക് തിരികെ വിളിച്ചതും അതിലൂടെയുള്ള യാത്ര സുഗമമാക്കി അതിൽ നിലനിർത്തിയതും.**

പ്രാർത്ഥന സ്വീകരിക്കപ്പെട്ടു എന്ന വിശ്വാസവും സന്തോഷവും ഹന്നയിൽ നിറയുന്നു. ദാവീദിനും മുമ്പേ ദൈവീകസ്വഭാവങ്ങളെഎണ്ണിയെണ്ണി പുകഴ്ത്തുന്ന സ്തോത്രഗാനം പാടാൻ അനുഗ്രഹം ലഭിച്ച ഹന്ന, എനിക്കുമാത്രമല്ല ഓരോ സഹോദരിമാർക്കും മാതൃകയും പ്രചോദനവുമായി വചനവായനാവഴിയിൽ ജ്വലിച്ചു നിൽക്കുന്നു.

**ലേയ അനിഷ്ട എന്ന് യഹോവ കണ്ടപ്പോൾ** (ഉല്പത്തി 29:31)

മാതൃത്വ നിരാസത്തിന്റെ പേരിൽ പരിഹസിക്കപ്പെട്ടവളാണ് ഹന്നയെങ്കിൽ, ഭർതൃ തിരസ്കാരം മൂലം വേദനിച്ചവളാണ് ലേയ. ഹന്നയെ പോലെ, ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിച്ചവളായി, ബൈബിൾ ലേയയെക്കുറിച്ച് പറയുന്നില്ല. പക്ഷേ എന്നിട്ടും യഹോവ അവളെ കണ്ടു. 'യഹോവ എന്റെ സങ്കടം കണ്ടു' എന്ന് ലേയ പറയുന്നു. ഒരു സ്ത്രീ ഭർത്താവിനാൽ സ്നേഹിക്കപ്പെടുന്നുവോ എന്നറിയുന്ന, അതിന് പ്രതിക്രിയ ചെയ്യുന്ന ഒരു ദൈവം. വളരെ അപ്രസക്തമെന്ന് ബൈബിൾ പഠിതാക്കൾക്ക് തോന്നാവുന്ന ഈ വരികൾ, പിതാവായ ദൈവത്തോടുള്ള ആത്മബന്ധം എന്നിൽ വർദ്ധിപ്പിച്ചു. ലേയയിലൂടെ യഹൂദയെയും, യഹൂദയിലൂടെ 'യഹൂദ ഗോത്രത്തിലെ സിംഹമായ' യേശുവിനെയും ഒരുക്കിയ ദൈവം. 'പരിഗണിക്കപ്പെടാത്തതിൽ അസന്തുഷ്ടയാവേണ്ട' എന്നുള്ള സന്ദേശം, 'ദൈവത്തിൻെറ പ്രവർത്തികൾക്കായി കാത്തിരിക്കാനുള്ള മനോഭാവം', ഇവയൊക്കെ എന്നിലും ഉരുവാക്കി ഈ വരികൾ.

**ദൈവാലയം വിട്ടുപിരിയാതെ ആരാധന ചെയ്തു.** (ലൂക്കോസ് 2:37)

പ്രാർത്ഥിക്കാൻ ഇരിക്കുമ്പോൾ മറ്റുവിചാരങ്ങളിലേക്ക് വേഗത്തിൽ വഴുതിപ്പോകുന്ന എന്റെ മനസ്സിന് ഒരു വെല്ലുവിളിയായിരുന്നു ഈ വരികൾ. ഇത്രയും ദീർഘമായ ഒരു കാലയളവ്, അതും ഏകാന്ത വേദനകൾക്കിടയിൽ ദൈവത്തെ നിരന്തരം ആരാധിക്കാൻ ഒരു സ്ത്രീക്ക് എങ്ങനെ കഴിയും എന്നതായിരുന്നു വെല്ലുവിളി. അങ്ങനെ ദൈവപാദങ്ങളിൽ ഇരിക്കാൻ കഴിഞ്ഞെങ്കിൽ എന്ന ആഗ്രഹം ഒരു മോഹമായി, പ്രാർത്ഥനയായി ഉള്ളിൽ ഉണർന്നുകൊണ്ടിരുന്നു. യേശുവിനെ കരങ്ങളിലേന്താൻ ഭാഗ്യം ലഭിച്ചവളായ, ദൈവത്തെ സ്തുതിക്കാൻ കൃപ ലഭിച്ചവളായ ഈ വൃദ്ധ വിധവ, ഇന്നും അനേകം സ്ത്രീ ഹൃദയങ്ങളിൽ പ്രചോദനമായി വസിക്കുന്നുണ്ടാകും.

**ലേയയിലൂടെ യഹൂദയെയും, യഹൂദയിലൂടെ 'യഹൂദ ഗോത്രത്തിലെ സിംഹമായ' യേശുവിനെയും ഒരുക്കിയ ദൈവം. 'പരിഗണിക്കപ്പെടാത്തതിൽ അസന്തുഷ്ടയാവേണ്ട' എന്നുള്ള സന്ദേശം, 'ദൈവത്തിൻെറ പ്രവർത്തികൾക്കായി കാത്തിരിക്കാനുള്ള മനോഭാവം', ഇവയൊക്കെ എന്നിലും ഉരുവാക്കി ഈ വരികൾ.**

**അൽപമേ വേണ്ടൂ... ആരും അപഹരിക്കുകയുമില്ല.** (ലൂക്കോസ് 10 :42)

ഉത്തരവാദിത്വങ്ങളും ഭാരങ്ങളും ഇല്ലാത്ത ഒരു വിധവയായതിനാലാവാം, ഹന്നാ പ്രവാചകിക്ക് അത്രയും ആത്മസമർപ്പണം സാധ്യമായത് എന്നൊരു ചിന്ത ചിലപ്പോൾ ഒക്കെ മനസ്സിൽ ഉണ്ടാകുമായിരുന്നു. അപ്പോൾ അതാ ബേഥാന്യയിൽ ഒരു മറിയ; പ്രാരാബ്ധങ്ങളോ ജോലിത്തിരക്കോ ഇല്ലാത്തവളല്ല മറിയ. തന്നോടൊപ്പം വേല പങ്കിടാത്തതിന് സഹോദരിയിൽ നിന്ന് പഴി കേൾക്കേണ്ടി വരുന്നവളാണ് അവൾ. പക്ഷേ ക്രിസ്തുവിന്റെ ലാവണ്യവാക്കുകളിൽ മുഴുകുമ്പോൾ, ലോകവ്യഗ്രതകൾ അവളെ അലട്ടുന്നില്ല. ചെയ്തു തീർക്കേണ്ട പണികളോ, കുറ്റപ്പെടുത്തലുകളോ അവൾ ഗൗനിക്കുന്നില്ല. തനിക്കായി കൂടുതൽ അധ്വാനിച്ച മാർത്തയെക്കാൾ വെറുതെയിരുന്ന് തന്നെ ശ്രവിച്ച മറിയയ്ക്ക് യേശുവിന്റെ പ്രോത്സാഹനം ലഭിക്കുന്നത് 'വചനമായവനെ' കുറെക്കൂടി അറിയുവാനുള്ള ത്വര ഉളവാകുവാൻ എന്നെ നിർബന്ധിതയാക്കി.

**യേശുവിന് അവളോട് അനുകമ്പ തോന്നി.**

1. *നയീൻ പട്ടണത്തിലെ വിധവ*: ആരും പറയാതെ യേശു അറിയുന്നു അവളുടെ ഹൃദയവേദന. ആരും ആവശ്യപ്പെടാതെ യേശു പ്രവർത്തിക്കുന്നു അവൾക്കായി. സർവ്വശക്തനായ ദൈവം സർവ്വ കൃപാലുവുമെന്ന് വെളിപ്പെടുന്ന സന്ദർഭങ്ങളിൽ ഒന്ന്. അപ്പന് മക്കളോട് തോന്നുന്ന കരുണ യേശുവിൽ പ്രകടമാക്കപ്പെട്ടു. ദൈവത്തോടുള്ള ഭയഭക്തി ബഹുമാനങ്ങൾക്കൊപ്പം തന്റെ മനസ്സലിവിലുള്ള ഉറപ്പിലേയ്ക്കും എന്നെ നയിച്ച വരികൾ. സ്ത്രീക

ളുടെ ബലഹീനത അറിയുന്ന, അവരെ കരുതുന്ന രക്ഷകനായ ദൈവപുത്രൻ.

2. ഉച്ചവെയിലിൽ ക്ഷീണവും ദാഹവും വകവയ്ക്കാതെ *ശമരിയാക്കാരിയെ* അന്വേഷിച്ചെത്തുന്ന, അവളുടെ സാമൂഹ്യപശ്ചാത്തലം വകവയ്ക്കാതെ, അവളോട് വലിയ ആത്മീയമർമ്മങ്ങൾ വെളിപ്പെടുത്തുന്നു യേശു.

3. പോവുക, ഞാനും നിന്നെ വിധിക്കുന്നില്ല എന്ന് *വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളോട്* അനുകമ്പാദ്രൻ ആകുന്ന യേശു.

4. *തൈലാഭിഷേകം നടത്തിയവളെക്കുറിച്ച്* 'ലോകമെങ്ങും സുവിശേഷത്തോടൊപ്പം ഇവൾ ചെയ്ത ഈ കാര്യവും ഘോഷിക്കപ്പെടും' എന്ന് പ്രവചിക്കുന്ന യേശു.

5. തുറന്ന കല്ലറയ്ക്കരികിൽ മഗ്ദലന മറിയയുടെയുടെ കണ്ണീരിനു മുൻപിൽ, ഉത്ഥിതനായതിനുശേഷം ഉള്ള ആദ്യ ദർശനം അനുവദിക്കുന്ന യേശു. തന്റെ പുനരുത്ഥാന വാർത്ത ശിഷ്യന്മാരെ അറിയിക്കുവാൻ യേശു നിയോഗിച്ചയച്ചവൾ.

6. കേവലം വസ്ത്രാഞ്ചലത്തിൽ ഒരു സ്പർശത്താൽ, പതിതയായ *രക്തസ്രാവക്കാരിക്കു* മുൻപിൽ നിൽക്കുന്ന യേശു.

ബലഹീന സ്ത്രീപാത്രങ്ങളോട് അനുതാപം ഉള്ളവനായി വചനത്തിൽ എമ്പാടും നിറയുന്ന യേശു. സ്ത്രീകൾ അസ്വീകാര്യകളായിരുന്ന യഹൂദ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ അത്ഭുതകരമായ, വിപ്ലവാത്മക സമീപനമായിരുന്നു ക്രിസ്തുവിന് സ്ത്രീകളോടെന്നുള്ള നിരീക്ഷണം, എൻെറ ആദ്യകാല വചനവായനാസഞ്ചാരങ്ങൾക്ക് ഒട്ടൊന്നുമല്ല കരുത്തേകിയത്. കുരിശിന്റെ രക്ഷാകര രഹസ്യങ്ങൾ ബുദ്ധിയാൽ അറിയുമ്പോഴും, അവ വിശുദ്ധീകരണമായി പുറത്തു വരാതിരിക്കുമ്പോൾ, ആ ദിവ്യപാദങ്ങളിലേക്ക് അണയാൻ ഇന്നും എനിക്ക് തുണയാകുന്നത് അന്ന് ഉള്ളിൽ പതിഞ്ഞ ഈ സ്ത്രീപക്ഷ ബൈബിൾ വാചകങ്ങളാണ്. •

## 10 മാനസാന്തരത്തിലേക്കു പുതുക്കപ്പെടാൻ...

എന്ന് എന്തിനു പറയണം? ഈ വാക്യങ്ങൾ മനസ്സിലാക്കുന്നതിനു നാം ചില കാര്യങ്ങൾ ശ്രദ്ധയോടെ കരുതേണ്ടതുണ്ട്.

1. ഈ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന മുന്നറിയിപ്പ് രക്ഷ ദൂരെ നിന്ന് കണ്ടവർക്കല്ല, അത് അനുഭവിച്ചവർക്കു, അതായതു രക്ഷിക്കപ്പെട്ടവർക്കാണ്.

2. തെറ്റ് ചെയ്യുന്നവർക്കു അല്ലെങ്കിൽ കർത്താവിനെ ഒരു നിമിഷത്തേക്ക് തള്ളിക്കളയുന്നവർക്കു പിന്നീട് ഒരിക്കലും മടങ്ങിവരാൻ കഴിയില്ല എന്ന് പറയുന്നത് ഉല്പത്തി മുതൽ ഉള്ള പഠിപ്പിക്കലുകൾക്കു വിരുദ്ധമാണ്. ഈ വാക്യങ്ങളിൽ പറയുന്നത് പരിജ്ഞാനത്തിലേക്കു വളരുന്ന യാത്രയിൽ നിന്ന് പിന്മാറുന്നവരെക്കുറിച്ചാണ്. ഇന്ന് കേരളത്തിലെ ക്രിസ്തീയഗോളത്തിൽ ഈ പിന്മാറ്റങ്ങൾ സാധാരണമാണ്. വളരെ തീക്ഷ്ണതയോടെ ലോകത്തെ ഉപേക്ഷിച്ചു കർത്താവിന്റെ വേലയ്ക്കു വേണ്ടി ഇറങ്ങുന്ന അനേകം ആളുകൾ, മക്കളുടെ ഭാവി ഓർത്തും, ഉപജീവന ചിന്തകളിൽ വലഞ്ഞും, ലോകത്തിന്റെ സെക്യൂരിറ്റികളിലേക്കു തിരിഞ്ഞു നോക്കിയും, പരിജ്ഞാനത്തിലേക്കുള്ള ഓട്ടം നഷ്ടപ്പെടുത്തുന്നത് നാം എവിടെയും കാണുന്നു. ഇവർ പിന്നെ പ്രസംഗിക്കുന്നത് ക്രിസ്തുവിനെക്കുറിച്ചോ സ്വർഗ്ഗത്തെക്കുറിച്ചോ അല്ല. ഈ ലോകത്തിൽ മാത്രം അവരെ നടത്തിയ ദൈവത്തെക്കുറിച്ചാണ്. ആ അനുഭവം മാത്രമാണ് അവരുടെ ഓർമ്മയിൽ ഉള്ളത്. പാപങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പ് സാധിപ്പിച്ച ക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തി അവരുടെ ഉള്ളങ്ങളെ പിന്നെ ഉത്തേജിപ്പിക്കുന്നില്ല.

ചില മാരകപാപങ്ങളിൽ ഒരു ശുശ്രൂഷകൻ വീണുപോയി എന്നിരിക്കട്ടെ. അയാൾ അനുതപിക്കുന്നു എങ്കിൽ ദൈവം അയാളോട് ക്ഷമിക്കാതിരിക്കുമോ? പക്ഷെ, പരിജ്ഞാനത്തിലേക്കുള്ള വളർച്ചയിൽ നിന്ന് മടങ്ങിപ്പോയാൽ മടങ്ങിവരവ് അസാധ്യമായി വരും. കാരണം അവർ ലോകത്തിൽ ക്രിസ്തുവിനു അപവാദം ഉണ്ടാക്കിയവർ ആണ്. അതുകൊണ്ട് ക്രിസ്തുവിനായി ലോകത്തെ ത്യജിച്ചവർ അന്ത്യത്തോളം അതായതു ജീവാവസാനം വരെ ജാഗ്രത ഉള്ളവർ ആയിരിക്കേണ്ടത് ആവശ്യമാണ്. കർത്താവിന്റെ കരുണ നമ്മെ ഒരിക്കലും വിട്ടുമാറുകയില്ല. അവിടുത്തെ വാഗ്ദത്തങ്ങൾ എന്നേയ്ക്കും സ്ഥിരമായിരിക്കുന്നു. എന്നാൽ പരിജ്ഞാനത്തിന്റെ ആ വിലയേറിയ ഓട്ടത്തിൽ നിന്നും പിന്മാറിപ്പോയാൽ വിലയേറിയ വാഗ്ദത്തങ്ങൾ നമുക്ക് അന്യമാകും. •



## മത്തായിയുടെ സുവിശേഷത്തിലെആത്മിക മർമ്മങ്ങൾ

ജോയ് എം. തോമസ്

# പിതാവിന്റെ ഇഷ്ടം ചെയ്യുന്ന മക്കളോ?

'**അ**വൻ ദൈവാലയത്തിൽ ചെന്ന് ഉപദേശിക്കുമ്പോൾ മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അവന്റെ അടുക്കൽ വന്നു: നീ എന്ത് അധികാരം കൊണ്ട് ഇത് ചെയ്യുന്നു? ഈ അധികാരം നിനക്ക് തന്നത് ആർ എന്ന് ചോദിച്ചു. യേശു അവരോട് ഉത്തരം പറഞ്ഞത്: ഞാനും നിങ്ങളോട് ഒരു വാക്ക് ചോദിക്കും; അത് നിങ്ങൾ എന്നോട് പറഞ്ഞാൽ എന്ത് അധികാരം കൊണ്ട് ഞാൻ ഇത് ചെയ്യുന്നു എന്നുള്ളത് ഞാനും നിങ്ങളോട് പറയും. യോഹന്നാന്റെ സ്നാനം എവിടെ നിന്ന്? സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ? അവർ തമ്മിൽ ആലോചിച്ചു: സ്വർഗ്ഗത്തിൽ നിന്ന് എന്നു പറഞ്ഞാൽ പിന്നെ നിങ്ങൾ അവനെ വിശ്വസിക്കാഞ്ഞത് എന്ത് എന്ന് അവൻ നമ്മോടു ചോദിക്കും; മനുഷ്യരിൽ നിന്ന് എന്ന് പറഞ്ഞാലോ, നാം പുരുഷാരത്തെ ഭയപ്പെടുന്നു; എല്ലാവരും യോഹന്നാനെ പ്രവാചകൻ എന്നല്ലോ എണ്ണുന്നത് എന്ന് പറഞ്ഞു. അങ്ങനെ അവർ യേശുവിനോട്; ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്ന് ഉത്തരം പറഞ്ഞു. അവൻ അവരോട് പറഞ്ഞത്: എന്നാൽ ഞാൻ ഇത് എന്ത് അധികാരം കൊണ്ട് ചെയ്യുന്നു എന്നുള്ളത് ഞാനും നിങ്ങളോട് പറയുന്നില്ല. എങ്കിലും നിങ്ങൾക്ക് എന്ത് തോന്നുന്നു? ഒരു മനുഷ്യന് രണ്ട് പുത്രന്മാർ ഉണ്ടായിരുന്നു; അവൻ ഒന്നാമത്തവന്റെ അടുക്കൽ ചെന്ന് മകനെ ഇന്ന് എന്റെ മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്യുക എന്ന് പറഞ്ഞു. എനിക്ക് മനസ്സില്ല എന്ന് അവൻ ഉത്തരം പറഞ്ഞു; എങ്കിലും പിന്നത്തേതിൽ അനുതപിച്ച് അവൻ പോയി. രണ്ടാമത്തെവന്റെ അടുക്കൽ അവൻ ചെന്ന് അങ്ങനെ തന്നെ പറഞ്ഞപ്പോൾ ഞാൻ പോകാം അപ്പാ എന്ന് അവൻ ഉത്തരം പറഞ്ഞു, പോയില്ലതാനും. ഈ രണ്ടുപേരിൽ ആരാകുന്നു അപ്പന്റെ ഇഷ്ടം ചെയ്തത്? ഒന്നാമത്തവൻ എന്ന് അവർ പറഞ്ഞു. യേശു അവരോടു പറഞ്ഞത് : ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്ക് മുമ്പായി ദൈവരാജ്യത്തിൽ കടക്കുന്നു എന്ന് ഞാൻ നിങ്ങളോടു പറയുന്നു. യോഹന്നാൻ നീതിമാർഗം ഉപദേശിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നു. നിങ്ങൾ അവനെ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു.അത് കണ്ടിട്ടും നിങ്ങൾ അവനെ വിശ്വസിക്കാൻ തക്കവണ്ണം പിന്നത്തേതിൽ അനുതപിച്ചില്ല' (മത്തായി 21: 2332)

ദൈവാലയം ശുദ്ധീകരിക്കുന്നതിന് യേശുകർത്താവ് തന്റെ അധികാരം ഉപയോഗിച്ചത് മഹാപുരോഹിതന്മാർക്കും മൂപ്പന്മാർക്കും രസിച്ചില്ല. തങ്ങളേക്കാൾ

വലിയവർ ആരെന്ന ചിന്തയാണ് അവരെ ഭരിച്ചത്. അവർ ചെയ്യുന്നതെല്ലാം ശരിയെന്ന വാദമാണ് അവർക്കുള്ളത്. യേശു ആരാണ് എന്ന് മനസ്സിലാക്കുവാൻ കഴിയാതിരുന്ന അവർക്ക് യേശുവിന്റെ അധികാരവും മനസ്സിലായില്ല. നിത്യനും പരമാധികാരിയുമായവനെ ചോദ്യം ചെയ്യുവാൻ താൽക്കാലികരും വളരെ പരിമിതികളുമുള്ള അധികാരസ്ഥന്മാരുമായ അവർ കർത്താവിന്റെ അടുക്കൽ എത്തുന്നു. എത്ര വലിയ ഭോഷത്വം! അജ്ഞത ഭോഷത്വത്തിന്റെ അടിത്തറയാണ്. ദൈവത്തെ അറിയുന്നതും അവിടുത്തോടുള്ള ഭക്തിയും ആണ് ജ്ഞാനത്തിന്റെ ആരംഭം!

തന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന മഹാപുരോഹിതന്മാരോടും മൂപ്പന്മാരോടും ഒരു മറുചോദ്യം കർത്താവ് ചോദിച്ചു. അത് അവരെ കുടുക്കുവാൻ ആയിരുന്നില്ല. പ്രത്യുത അവർ ചിന്തിക്കുവാനും വിവേകം പ്രാപിക്കുവാനും ആയിരുന്നു. ചോദ്യം: യോഹന്നാന്റെ സ്നാനം എവിടെ നിന്ന്? സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ? തനിക്ക് വഴി ഒരുക്കുവാൻ അയയ്ക്കപ്പെട്ട യോഹന്നാന്റെ ശുശ്രൂഷ എന്തായിരുന്നു എന്ന് മനസ്സിലാക്കിയാൽ, തന്നെയും മനസ്സിലാക്കുവാൻ അവർക്ക് കഴിയും എന്ന് യേശുവിനറിയാം. കഠിനഹൃദയരായ മഹാപുരോഹിതന്മാരും മൂപ്പന്മാരും വിനയപ്പെടുവാൻ തയ്യാറായില്ല. സത്യം ഗ്രഹിക്കുവാനുള്ള താല്പര്യം ലേശം പോലും അവരിൽ ഉണ്ടായിരുന്നില്ല. അവർ അവരുടെ ഹൃദയത്തെ കൂടുതൽ കഠിനപ്പെടുത്തുകയാണ് ഉണ്ടായത്. അവർ അന്യോന്യം പറഞ്ഞു: സ്വർഗ്ഗത്തിൽ നിന്നും എന്നു പറഞ്ഞാൽ പിന്നെ നിങ്ങൾ അവനെ വിശ്വസിക്കാത്തത് എന്ത് എന്ന് അവൻ നമ്മോട് ചോദിക്കും. മാനസാന്തരം പ്രസംഗിച്ച യോഹന്നാനെ വിശ്വസിക്കുവാനോ താൻ പ്രസംഗിച്ച ദൈവീക സന്ദേശം സ്വീകരിക്കുവാനോ അവർ തയ്യാറായിരുന്നില്ല. അവരുടെ ഹൃദയകാഠിന്യം എത്ര ഭയങ്കരം!

യോഹന്നാനെ വിശ്വസിക്കുവാൻ തയ്യാറാകാതിരുന്ന അവർ യോഹന്നാനെ തള്ളിപ്പറയാനും ധൈര്യം കാണിച്ചില്ല. (അങ്ങനെ ചെയ്യുവാനാഗ്രഹമുണ്ടായിരുന്നുവെങ്കിലും). അവർ അന്യോന്യം പറയുന്നു: മനുഷ്യരിൽ നിന്ന് എന്ന് പറഞ്ഞാലോ നാം പുരുഷാരത്തെ ഭയപ്പെടുന്നു. എല്ലാവരും യോഹന്നാനെ പ്രവാചകൻ എന്നല്ലോ എണ്ണുന്നത് എന്ന് പറഞ്ഞു. അപ്പോൾ യോഹന്നാനെ തള്ളിപ്പറയാതിരുന്നത് പുരുഷാരത്തെ ഭയപ്പെട്ടതു കൊണ്ടു മാത്രമാണ്. സ്വാർത്ഥമതികളും തന്ത്രശാലികളും കപടഭക്തരും ആണ് അവർ. ഇപ്രകാരമുള്ളവർ ആത്മിക നേതൃത്വത്തിൽ ഇരുന്നാൽ സമൂഹത്തിൽ ആത്മികത നിലനിൽക്കുമോ? സമൂഹം അധ:പ്പതിക്കും എന്നത് തർക്കമറ്റ സംഗതി അല്ലേ...? ഇന്നും ആത്മിക സമൂഹം നേരിടുന്ന വലിയ വെല്ലുവിളിയാണ് ഇത്. യഥാർത്ഥ ഭക്തരും ദൈവത്തെ ഭയപ്പെടുകയും ദൈവത്തിന്റെ ആത്മാവിനാൽ നടത്തപ്പെടുകയും ചെയ്യുന്ന ആത്മീയ ശുശ്രൂഷകർ ഏറ്റവും അത്യാവശ്യമാണ് ഇക്കാലത്ത്. ആത്മഭാരത്തോടെ നാം അതിനായി അധികം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

മഹാപുരോഹിതന്മാരും മൂപ്പന്മാരും യേശുവിനു മറുപടി കൊടുത്തു. ' ഞങ്ങൾക്ക് അറിഞ്ഞുകൂടാ' ഒരു ഒഴിഞ്ഞുമാറൽ! 'എനിക്ക് അറിഞ്ഞുകൂടാ' എന്ന് താൽക്കാലിക നിലനിൽപ്പിനു വേണ്ടി ഒഴിഞ്ഞുമാറുന്ന രീതി അവലംബിക്കുന്നവർ അനേകരുണ്ട്. അറിയുവാനുള്ള ആഗ്രഹം ഇല്ലാ താനും. ന്യായവിധി ദിവസത്തിൽ ആർക്കും ഒഴിഞ്ഞു പോകുവാൻ കഴിയുകയില്ല എന്ന സത്യം എന്നും നിലനിൽക്കുന്നു. സത്യം അറിയുവാനുള്ള ആത്മാർത്ഥമായ ആഗ്രഹമുണ്ടാകണം. വിശ്വാസികളായ നമ്മിലെത്ര പേർക്ക് ഈ ആഗ്രഹമുണ്ട്? ദൈവവചനം പഠിക്കുവാൻ, മനസ്സിലാക്കി അനുസരിക്കുവാൻ, യേശുവിനെ കൂടുതൽ അറിയുവാൻ, ദൈവ ഇഷ്ടം അറിയുവാനും ചെയ്യുവാനും ഒക്കെ ആത്മാർത്ഥമായി ആഗ്രഹം നമ്മിൽ വളരുന്നുണ്ടോ? അതോ, എനിക്ക് അറിയില്ല, അറിയുകയും വേണ്ട എന്ന നിഷേധാത്മക ചിന്താഗതിയിൽ ജീവിക്കുകയാണോ? സ്വയപരിശോധന ഗുണം ചെയ്യും.

കർത്താവ് അവർക്ക് മറുപടി കൊടുത്തു: 'എന്നാൽ ഞാൻ ഇത് എന്ത് അധികാരം കൊണ്ട് ചെയ്യുന്നു എന്നുള്ളത് ഞാനും നിങ്ങളോട് പറയുന്നില്ല'. അജ്ഞതയിൽ വസിക്കുവാൻ ഇഷ്ടപ്പെടുന്നവരെ അജ്ഞതയ്ക്ക് വിട്ടുകൊടുക്കുന്നു. വിശപ്പില്ലാത്തവരെ ഭക്ഷണം കഴിപ്പിക്കുവാനോ, ദാഹം ഇല്ലാത്തവർക്ക് വെള്ളം കൊടുക്കുവാനോ കഴിയാത്തതുപോലെ, അറിയുവാൻ ആഗ്രഹം ഇല്ലാത്തവർക്ക് അറിവ് പകർന്നു കൊടുക്കുവാൻ കഴിയുകയില്ലല്ലോ.

കർത്താവ് അവരോട് ഒരു ഉപമ പറയുന്നതായി നാം കാണുന്നു. അവരുടെ യഥാർത്ഥ അവസ്ഥയും പ്രശ്നവും കർത്താവ് അവരോട് തുറന്നു പറയുകയാണ്, അവർക്ക് അറിയുവാൻ

ആഗ്രഹം ഇല്ലെങ്കിൽ കൂടി... ഒരു പിതാവിന്റെ രണ്ട് മക്കൾ. പിതാവ് ഒന്നാമത്തെ മകനോട് പറയുന്നു 'മകനെ ഇന്ന് എന്റെ മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്യുക. 'എനിക്ക് മനസ്സില്ലായെന്നാണ്' അവനാദ്യം പറഞ്ഞതെങ്കിലും പിന്നത്തേതിൽ അനുതപിച്ചു തന്റെ പിതാവിനെ അനുസരിച്ചു. രണ്ടാമത്തെ മകന്റെ അടുക്കൽ പിതാവ് അങ്ങനെ തന്നെ പറഞ്ഞപ്പോൾ 'ഞാൻ പോകാം അപ്പാ'എന്ന് അവൻ മറുപടി പറഞ്ഞു, പക്ഷേ അവൻ പോയില്ല. കർത്താവ് മഹാപുരോഹിതന്മാരെയും മൂപ്പന്മാരെയും ഉപമിച്ചത് ഈ രണ്ടാമത്തെ മകനോട് ആയിരുന്നു. കപടഭക്തിക്കാരായ അവർ അധരം കൊണ്ട് ദൈവത്തെ ബഹുമാനിക്കുന്നതായി അഭിനയിക്കും. എന്നാൽ ഹൃദയം കഠിനപ്പെട്ടിരിക്കുന്നു. ദൈവത്തെ അനുസരിക്കുവാൻ കഴിയാതെ സ്വന്തം വഴികളിൽ നടക്കുന്നവരായിരുന്നു അവർ.

കർത്താവ് അവരോടു വ്യക്തമായി പറഞ്ഞു: 'ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്ക് മുമ്പായി ദൈവരാജ്യത്തിൽ കടക്കുന്നു എന്ന് സത്യമായിട്ടു ഞാൻ നിങ്ങളോട് പറയുന്നു. യോഹന്നാൻ നീതിമാർഗ്ഗം ഉപദേശിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നു, നിങ്ങൾ അവനെ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു. അത് കണ്ടിട്ടും നിങ്ങൾ അവനെ വിശ്വസിക്കാൻ തക്കവണ്ണം പിന്നത്തേതിൽ അനുതപിച്ചില്ല'

ഹൃദയം കഠിനപ്പെട്ട അവർ ദൈവരാജ്യത്തെ അവഗണിച്ചു. അവരുടെ അവിശ്വാസം ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവർക്കു തടസ്സമായി. നീതിമാന്മാർ എന്ന് കരുതി അവർ തങ്ങളെ തന്നെ വഞ്ചിച്ചു കളഞ്ഞു. നീതിമാനായ ദൈവത്തിന്റെ മുമ്പിൽ അവർ തങ്ങളെ തന്നെ ശിക്ഷായോഗ്യരാക്കിത്തീർത്തു. പാപികളും നരകയോഗ്യരും എന്ന് അവർ മുദ്രകുത്തി ആക്ഷേപിക്കുകയും അവഗണിക്കുകയും ചെയ്ത ചുങ്കക്കാരും വേശ്യമാരും യോഹന്നാന്റെ സന്ദേശം വിശ്വാസത്തോടെ സ്വീകരിച്ചു, മാനസാന്തരപ്പെട്ടു, പാപവഴികൾ ഉപേക്ഷിച്ച് ദൈവരാജ്യത്തിൽ പ്രവേശിച്ചു. ഈ വലിയ ദൈവപ്രവൃത്തി അവർ കണ്ടിട്ടും അനുതാപത്തോടെ ദൈവത്തിങ്കലേക്കു തിരിയാതെ തങ്ങളെത്തന്നെ നീതിമാന്മാർ എന്ന് ധരിച്ച് ഹൃദയത്തെ കഠിനമാക്കി.

വീണ്ടുംജനനം പ്രാപിച്ച വിശ്വാസികൾ എന്ന് കരുതുന്ന നമുക്ക് സംഭവിക്കാൻ സാധ്യതയുള്ള ഭോഷത്വമാണിത്. മാനസാന്തരം ഒരിക്കൽ മാത്രം ഉണ്ടാകുന്ന ആത്മീയ അനുഭവം അല്ല. കൂടെക്കൂടെ ദിനംതോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന ആത്മീയ അനുഭവം ആണ്. നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്ന ബലഹീനരാണ്. അതുകൊണ്ട് തെറ്റുകൾ സമ്മതിക്കുവാനും തിരുത്തുവാനും നാം തയ്യാറായിരിക്കണം. യോഹന്നാൻ അപ്പോസ്തലൻ നമ്മെ ഉപദേശിക്കുന്നു: 'നമുക്ക് പാപം ഇല്ല എന്ന് നാം പറയുന്നു എങ്കിൽ നാം നമ്മെ തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു' (1 യോഹന്നാൻ 1:8,9). നാം സ്വയം വഞ്ചിതരാകരുത്. തെറ്റുകൾ സംഭവിക്കുന്ന നമ്മുടെ ബലഹീനസ്വഭാവത്തെ അംഗീകരിക്കുന്നവർ ആയിരിക്കണം. തെറ്റുകൾ ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിക്കുന്നതിൽ എപ്പോഴും ശ്രദ്ധ വേണം.

**വീണ്ടുംജനനം പ്രാപിച്ച വിശ്വാസികൾ എന്ന് കരുതുന്ന നമുക്ക് സംഭവിക്കാൻ സാധ്യതയുള്ള ഭോഷത്വമാണിത്. മാനസാന്തരം ഒരിക്കൽ മാത്രം ഉണ്ടാകുന്ന ആത്മീയ അനുഭവം അല്ല. കൂടെക്കൂടെ ദിനംതോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന ആത്മീയ അനുഭവം ആണ്. നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്ന ബലഹീനരാണ്. അതുകൊണ്ട് തെറ്റുകൾ സമ്മതിക്കുവാനും തിരുത്തുവാനും നാം തയ്യാറായിരിക്കണം.**

അവരുടെ കപടഭക്തിയും തങ്ങൾ നീതിമാന്മാർ എന്ന അമിതവിശ്വാസവും അവരുടെ രക്ഷകനും മശിഹയുമായ കർത്താവിനെ തിരിച്ചറിയാൻ കഴിയാതെവണ്ണം അവരുടെ കണ്ണുകൾ കുരുടാക്കി. അവരുടെ അവിശ്വാസവും ഹൃദയകാഠിന്യവും ദൈവരാജ്യത്തിനു അവരെ അന്യരാക്കി. ഇത് നമുക്ക് ബുദ്ധിയുപദേശം ആയിരിക്കട്ടെ. ●

ണ്ടാകുമോ? അവർക്ക് ഒത്തിരി പീഡനം സഹിക്കേണ്ടി വന്നിട്ടുണ്ടാകുമോ? അവരുടെ വിശ്വാസത്തിന് ഇളക്കം സംഭവിച്ചിട്ടുണ്ടാകുമോ... മൂന്നാഴ്ച മാത്രമേ അവരോടു കൂടെ ഇരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇപ്പോൾ ആരാണ് അവരെ തിരുവെഴുത്തുകൾ പഠിപ്പിക്കാനുള്ളത്.?

തെസലോനിക്യയിലെ വിശ്വാസികളെക്കുറിച്ച് ഓർത്തിട്ട് പൗലൊസിനു സഹിച്ചുകൂടാഞ്ഞിട്ട് അദ്ദേഹം തിമൊഥെയൊസിനെ അവിടേക്കു പറഞ്ഞുവിട്ടു (1 തെസ്സലോനിക്യർ 3:1,2). തെസ്സലൊനിക്യർ വിശ്വാസത്തിൽ നിലനിൽക്കുന്നുണ്ടോ? അതോ പീഡനത്തിന്റെ സമയത്ത് സാത്താൻ അവരെ പരീക്ഷിച്ച് അവർ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് പിന്മാറിയോ? തെസ്സലൊനിക്യയിലെ പ്രവർത്തനം വെറുതെയായിപ്പോയോ? ഇങ്ങനെ പല ചിന്താഭാരങ്ങളും പൗലൊസിനുണ്ടായിരുന്നു (1 തെസ്സലോനിക്യർ 3:5).

എന്നാൽ അത്ഭുതപ്പെടുത്തുന്ന റിപ്പോർട്ടാണ് തിമൊഥെയൊസ് കൊണ്ടുവന്നത്. പൗലൊസിന്റെ ശുശ്രൂഷ നിരന്തരം അനുഭവിച്ച സഭകളെക്കാൾ, പീഡനകാലയളവിൽ വിശ്വാസത്തിന്റെ സ്ഥിരത കാണിച്ചത് തെസ്സലൊനിക്യസഭയാണ് (1 തെസ്സലോനിക്യർ3 :6,7). അതൊരു ചരിത്രയാഥാർത്ഥ്യമാണ്. പ്രാർഥിച്ച് സമൃദ്ധിവാങ്ങിയ സഭകൾ വിശ്വാസത്തിൽ അടിപതറുമ്പോഴും പ്രാർഥിച്ച് കഷ്ടതയിൽ തുടരുന്ന സഭകൾ വിശ്വാസത്തിൽ മുന്നേറുന്നത് ഇപ്പോഴും നാം കാണുന്നുണ്ടല്ലോ.

ഒരു ക്രിസ്ത്യാനി കഷ്ടം അനുഭവിക്കാൻ നിയമിക്കപ്പെട്ടിരിക്കുന്നു എങ്കിൽ (1 തെസ്സലോനിക്യർ 3:3) ഒരു സുവിശേഷകൻ എത്രയധികം. പൗലൊസ് എന്നും കഷ്ടതയിലായിരുന്നു. ശാരീരിക പീഡ ഒരു വശത്ത്, സഭകളെക്കുറിച്ചുള്ള ചിന്താഭാരം (2 കൊരിന്ത്യർ 11: 28) മറുവശത്ത്. ഇതിനിടയിൽ ആശ്വാസം പ്രാപിക്കുന്നത്, പീഡനത്തിലും വിശ്വാസം മുറുകെപ്പിടിക്കുന്ന വിശ്വാസികളെ ഓർത്താണ്. "സഹോദരന്മാരേ, ഞങ്ങളുടെ സകല കഷ്ടത്തിലും സങ്കടത്തിലും നിങ്ങളുടെ വിശ്വാസം ഹേതുവായി ഞങ്ങൾ നിങ്ങളെക്കുറിച്ച് ആശ്വാസം പ്രാപിച്ചു" ( 1 തെസ്സലോനിക്യർ 3:7) "നിങ്ങൾ കർത്താവിൽ നിലനിൽക്കുന്നു എന്നറിഞ്ഞ് ഞങ്ങൾ ജീവിക്കുന്നു" (1 തെസ്സലോനിക്യർ 3:8) എന്നാണു പൗലൊസ് പറയുന്നത്. അതായത്, നിങ്ങളുടെ നിലനിൽപ്പ് ഞങ്ങൾക്കൊരു ആശ്വാസം മാത്രമല്ല, അതു ഞങ്ങൾക്കു ജീവനാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഞങ്ങൾ ഭൂമിയിൽ ജീവിക്കുന്നതിന് അർഥമുണ്ടാകുന്നത് നിങ്ങൾ വിശ്വാസത്തിൽ നിലനിൽക്കുമ്പോൾ മാത്രമാണ്.

**പ്രാർഥിച്ച് സമൃദ്ധിവാങ്ങിയ സഭകൾ വിശ്വാസത്തിൽ അടിപതറുമ്പോഴും പ്രാർഥിച്ച് കഷ്ടതയിൽ തുടരുന്ന സഭകൾ വിശ്വാസത്തിൽ മുന്നേറുന്നത് ഇപ്പോഴും നാം കാണുന്നുണ്ടല്ലോ. ഒരു ക്രിസ്ത്യാനി കഷ്ടം അനുഭവിക്കാൻ നിയമിക്കപ്പെട്ടിരിക്കുന്നു എങ്കിൽ ഒരു സുവിശേഷകൻ എത്രയധികം.**

തെസ്സലൊനിക്യയിലെ വിശ്വാസികൾ പീഡനത്തിൽ പതറിപ്പോകുമോ എന്ന പേടി പൗലൊസിനുണ്ടായിരുന്നു. ഒറീസയിലെ വിശ്വാസികളുടെ കാര്യത്തിൽ എനിക്കുണ്ടായ പേടിപോലെ! എന്നാൽ നമ്രത എന്ന പതിനൊന്നുകാരി എന്റെ എല്ലാ ഭയത്തെയും അസ്ഥാനത്താക്കി. തിമൊഥെയൊസിന്റെ റിപ്പോർട്ട് പൗലൊസിനും അങ്ങനെയൊരു ആശ്വാസമാണു കൊടുത്തത്. നമ്മെ ദൈവം ഭൂമിയിൽ ആക്കിയിരിക്കുന്നതു തന്നെ, മറ്റുള്ളവരെ യേശുവിനുവേണ്ടി നേടി അവരെ വിശ്വാസത്തിൽ നിലനിർത്താനുമാണ്. അതിന് കഷ്ടതയുടെ മാർഗ്ഗമല്ലാതെ മറ്റൊന്നുമില്ല.

*''ഞാൻ എന്റെ ധനം എണ്ണി, അവൻ എന്റെ കുരിശുകളെണ്ണി (കഷ്ടതകളെണ്ണി). ഞാൻ എന്റെ ലാഭങ്ങളെണ്ണി, അവൻ എന്റെ നഷ്ടങ്ങളെണ്ണി, (ഞാൻ എന്തൊക്കെ വിട്ടുകളഞ്ഞുവെന്നെണ്ണി). ഞാൻ എന്റെ വിജയങ്ങളെണ്ണി, അവൻ എന്റെ മുറിപ്പാടുകളെണ്ണി. ഞാൻ എന്റെ ഡിഗ്രികളെണ്ണി, അവൻ ഞാൻ മുട്ടിന്മേൽ നിന്ന മണിക്കൂറുകളെണ്ണി"*

കഷ്ടമനുഭവിക്കാൻ നിയമിക്കപ്പെട്ടവരാണു നാമെന്നു പരിശുദ്ധാത്മാവു നമ്മെ എപ്പോഴും ഓർപ്പിക്കട്ടെ. വിശ്വാസത്തിന്റെ പരിശോധനയിൽ സന്തോഷത്തോടെ നിലനിൽക്കുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ, ആമേൻ •

# അന്ധർക്കു കാഴ്ച നൽകുന്ന സാങ്കേതികവിദ്യ

**കാ**ഴ്ചയില്ലാത്തവർക്ക് കാണാൻ സഹായിക്കുന്ന ഉപകരണം 'ഇലോൺ മസ്കിന്റെ' 'ന്യൂറാലിങ്ക്' എന്ന സ്ഥാപനം നിർമിക്കുന്ന വിവരം ലോകത്തിലെ എല്ലാ മാധ്യമങ്ങളും അതീവ പ്രാധാന്യത്തോടു കൂടി പ്രസിദ്ധീകരിച്ചിരുന്നു. ഒപ്റ്റിക് നാഡികൾ തകരാറിലാവുകയും ഇരു കണ്ണുകളും നഷ്ടപ്പെടുകയും ചെയ്തവർക്ക് 'ന്യൂറാലിങ്കിന്റെ' 'ബ്ലൈൻഡ് സൈറ്റ്' എന്ന ഉപകരണത്തിന്റെ സഹായത്തോടെ കാണാൻ സാധിക്കുമെന്നും സാങ്കേതികവിദ്യയുടെ പരീക്ഷണത്തിനായി യുഎസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന്റെ (എഫ്ഡിഎ) അനുമതി ലഭിച്ചെന്നും ശതകോടീശ്വരനായ ഇലോൺ മസ്ക് അറിയിച്ചു. ദൃശ്യങ്ങൾ തിരിച്ചറിയാൻ സാധിക്കുന്ന തലച്ചോറിന്റെ ഭാഗമായ വിഷ്വൽ കോർട്ടക്സിന് കേട് പറ്റിയിട്ടില്ലെങ്കിൽ, ജന്മനാ അന്ധതയുള്ളവർക്കു പോലും കാഴ്ച അനുഭവിക്കാൻ ഇതുവഴി സാധിക്കും. തുടക്കത്തിൽ കുറഞ്ഞ റസല്യൂഷനിലായിരിക്കും കാഴ്ചയെങ്കിലും ഭാവിയിൽ സ്വാഭാവിക കാഴ്ചശക്തിയെക്കാൾ വ്യക്തമായി കാണാൻ ഈ സാങ്കേതിക വിദ്യയിലൂടെ കഴിയുമെന്ന് കമ്പനി അവകാശപ്പെടുന്നു.

ഉപകരണം നിർമിക്കുന്നതിനുള്ള അനുമതി നൽകിയതിനൊപ്പം എഫ്ഡിഎയിൽ നിന്നുള്ള 'ബ്രേക്ക് ത്രൂ ഡിവൈസ്' പദവിയും ന്യൂറാലിങ്കിന്റെ ബ്ലൈൻഡ് സൈറ്റ് ഉപകരണത്തിന് ലഭിച്ചു. ജീവനു ഭീഷണിയാകുന്ന അവസ്ഥകളുടെ ചികിത്സയ്ക്കോ രോഗനിർണയത്തിനോ സഹായിക്കുന്ന മെഡിക്കൽ ഉപകരണങ്ങൾക്കാണ് എഫ്ഡിഎ, 'ബ്രേക്ക്ത്രൂ ഡിവൈസ്'പദവി നൽകുക. വാക്കുകളിലൂടെ കംപ്യൂട്ടർ ഉപകരണങ്ങൾ നിയന്ത്രിക്കാൻ മനുഷ്യനെ പ്രാപ്തരാക്കുന്ന ന്യൂറാലിങ്കിന്റെ ബ്രെയിൻ ചിപ്പ് മനുഷ്യരിൽ പരീക്ഷിച്ചു കൊണ്ടിരിക്കുകയാണ്.

പ്രത്യക്ഷത്തിൽ വളരെ ഏറെ പ്രയോജനം നൽകുന്ന ഒരു അത്ഭുത ആവിഷ്കരണമാണിതെന്നു തോന്നാം. ജന്മനാ കാഴ്ച ശക്തിയില്ലാത്തവർക്കും പിന്നീട് ഏതെങ്കിലും കാരണത്താൽ കാഴ്ച നഷ്ടപ്പെട്ടവർക്കും കാഴ്ച തിരികെ ലഭിക്കുന്നത് അത്യപൂർവ്വമായ ഒരു വസ്തുത തന്നെയാണ്. തികച്ചും ശ്ലാഘനീയം. തിരുവചനവെളിച്ചത്തിൽ പരിശോധിച്ചാൽ 'മനുഷ്യർ ചെയ്‌വാൻ നിരൂപിക്കുന്നതൊന്നും അവർക്ക് അസാധ്യമാകയില്ല' എന്ന് ബാബേൽ ഗോപുരത്തിന്റെ പണി, ദ്രുതഗതിയിൽ പുരോഗമിക്കുന്ന വേളയിൽ ദൈവം തന്നെ പറയുന്നതായി കാണുന്നു. എന്നാൽ സ്രഷ്ടാവായ ദൈവത്തിന്റെ അധികാരപരിധിയിൽ മനുഷ്യൻ കൈ കടത്തിയാൽ മനുഷ്യന്റെ കാഴ്ചപ്പാടിൽ അത് വളരെ നല്ലതെന്നു തോന്നുമെങ്കിലും ദൈവത്തിന്റെ വിചാരം 'ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതു പോലെ,' മാനുഷിക ചിന്ത അധമവും ദൈവിക ചിന്ത ഉത്തമവും ആയിരിക്കും. 'ഒരു വഴി മനുഷ്യന് ചൊവ്വായി തോന്നുമെങ്കിലും അതിന്റെ അവസാനം മരണവഴികൾ അത്രേ' എന്ന് സദൃശ്യം 16: 25 ൽ കാണുന്നതുപോലെ ചില ഭവിഷ്യത്തുകൾ നിഗൂഢമായിരിക്കും. എന്നാൽ ദൈവാശ്രയത്തോടെ മനുഷ്യൻ ചെയ്യുന്നതൊക്കെയും വിജയപ്രദവും ഉപകാരപ്രദവും ആയിരിക്കും. ബാബേൽ ഗോപുരം മത്സരമനോഭാവത്തോടെ, ദൈവം അനുവദിക്കുന്ന ഏതു അനർത്ഥത്തേയും മറികടക്കുവാൻ ലക്ഷ്യമിട്ടിരുന്നതിനാൽ ദൈവത്തോട് മത്സരിച്ചു ജയിക്കുവാനായിരുന്നു പദ്ധതി. അതിനാൽ മാനവകുലത്തിന് വന്നു ഭവിക്കാവുന്ന ദോഷകരമായ ഭവിഷ്യത്തുകൾ ഒഴിവാക്കുവാൻ ദൈവം ഇടപെടുന്നതായി കാണുന്നു. ദൃശ്യമായ ഒരു പ്രവൃത്തിയും കാണ്മാനില്ലായിരുന്നു എങ്കിലും മനുഷ്യന് അഗോചരമായ ചില ദൈവപ്രവൃത്തിയിലൂടെ ഗോപുരം പണി ശിഥിലമാകുന്നു. അതോടെ അതിന്റെ പരാജയവും വ്യക്തമായി. ഇതുപോലെ ഏതോ മത്സര മനോഭാവത്തിലാണ് 'ബ്ലൈൻഡ് സൈറ്റിന്റെ' ആവിഷ്കാരം എങ്കിൽ അത് നാം കണക്കുകൂട്ടുന്ന പ്രയോജനത്തിനു പകരം ദോഷമായി ഭവിച്ചേക്കാം.ഏതെങ്കിലും വിനാശത്തിനു കാരണമായേക്കാം. മറിച്ച് ദൈവലോചനപ്രകാരമാണെങ്കിൽ വളരെ ഉപകാരപ്രദവും. ആയിരിക്കും.

•

# ദൈവത്തിനു മാത്രം മഹത്വം

പ്രസിദ്ധനായ ഒരു സുവിശേഷ പ്രസംഗകന്റെ ജീവിതത്തിൽ നടന്ന സംഭവം വായിച്ചത് ഇങ്ങനെ: ഒരു വലിയ നഗരത്തിൽ ഒരുക്കിയ ക്രൂസേഡിൽ താൻ സുവിശേഷപ്രഘോഷകനായി എത്തിച്ചേർന്നു. ആദ്യരാത്രിയിൽ തന്നെ വലിയ ഉണർവ് പ്രതീക്ഷിച്ച് മൈതാനം നിറയെ ആളുകൾ എത്തി. പതിവുപോലെ പ്രശസ്ത പ്രഭാഷകൻ വചന ശുശ്രൂഷക്കായി എഴുന്നേറ്റു. എന്നാൽ കേൾവിക്കാരെ ആരെയും സ്പർശിക്കാൻ കഴിയാത്ത ഒരു പ്രസംഗമായിരുന്നു അന്ന് അദ്ദേഹത്തിൽ നിന്നുണ്ടായത്. ദു:ഖത്തോടെ തന്നെ ഹോട്ടൽ മുറിയിലെത്തിയ ലോകോത്തര സുവിശേഷകൻ എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു എന്നതിന്റെ കാരണം ദൈവസന്നിധിയിൽ ആരാഞ്ഞു. തനിക്ക് ഒന്നും പിടികിട്ടാതെ അദ്ദേഹം നഗരവീഥികളിലേക്ക് ഇറങ്ങി. പെട്ടെന്നാണ് ആ കാഴ്ച തന്റെ ശ്രദ്ധയിൽപ്പെട്ടത്. വഴിയുടെ ഇരുവശത്തുമുള്ള ഭിത്തികളിൽ പട്ടണത്തിൽ നടന്നുകൊണ്ടിരിക്കുന്ന വലിയ ക്രൂസേഡിന്റെ പോസ്റ്ററുകൾ ഒട്ടിച്ചിരിക്കുന്നു. പോസ്റ്ററുകളിൽ തന്റെ ചിത്രം വളരെ വലിപ്പത്തിൽ ബഹുവർണ്ണത്തിൽ അച്ചടിച്ചിരിക്കുന്നു! തലേ രാത്രിയിലെ ശുശ്രൂഷയുടെ പരാജയത്തിന്റെ കാരണം തനിക്ക് മനസ്സിലായി. കൺവെൻഷൻ സംഘാടകരെ വിളിപ്പിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു. 'എന്റെ ചിത്രമുള്ള ഈ പോസ്റ്ററുകൾ എല്ലാം എത്രയും വേഗം കീറി കളയുക. മഹത്വം ദൈവത്തിന് കൊടുക്കാതെ എനിക്ക് നൽകിയത് കൊണ്ടാണ് ഇന്നലത്തെ പ്രസംഗം പരാജയമായത് 'മനസ്സില്ലാതെയാണെങ്കിലും സംഘാടകർ പോസ്റ്ററുകൾ എല്ലാം കീറിക്കളഞ്ഞു. ഏവരും കുറവ് സമ്മതിച്ച് ദൈവസന്നിധിയിൽ ഒത്തുകൂടി കരഞ്ഞു. അന്ന് രാത്രി മുതൽ ക്രൂസേഡ് വലിയ അനുഗ്രഹമായി മാറി. പരിശുദ്ധാത്മാവ് ശുശ്രൂഷയുടെ നിയന്ത്രണം ഏറ്റെടുത്തു!

ദൈവ മഹത്വം നിരാകരിച്ച് അന്യാരാധനയിലേക്ക് തിരിഞ്ഞ ഇസ്രായേലിനെ സർവ്വശക്തൻ ഇങ്ങനെയാണ് കണ്ടത്: 'എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു. അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ച് വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെത്തന്നെ കുഴിച്ചിരിക്കുന്നു'(യിരമ്യാവ് 2:13). ദൈവത്തിനു മഹത്വം അർപ്പിക്കാൻ 'മരുഭൂമിയിലെ സഭയ്ക്ക്' കഴിയാത്തതുപോലെ കൃപായുഗസഭയും ദൈവ മഹത്വത്തിന്റെ അപകർത്താക്കളായി മാറിയിരിക്കുകയല്ലേ? ദൈവത്തെ മാറ്റി നിർത്തിയിട്ട് 'കാളക്കുട്ടികൾ' മുഖ്യാസനം അടക്കി ഭരിക്കുന്ന കാഴ്ചയല്ലേ എവിടെയും! ഞാൻ മനുഷ്യരോട് ബഹുമാനം വാങ്ങുന്നില്ല എന്ന് ഉദ്ഘോഷിച്ച ക്രിസ്തുവിന്റെ അഭിനവ പിൻഗാമികൾ മനുഷ്യമാനത്തിനു വേണ്ടി എവിടെവരെയും പോകാൻ തയ്യാറാകുന്ന കാഴ്ച പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കാനേ ഇടയാക്കൂ. മഹത്വം എല്ലാം എല്ലായ്പ്പോഴും കർത്താവാം കുഞ്ഞാടിനും പിതാവാം ദൈവത്തിനും മാത്രമാകട്ടെ. സ്നാപകയോഹന്നാനെപ്പോലെ നമുക്കും ആഗ്രഹിക്കാം. 'ഞാനോ കുറയേണം, അവിടുന്ന് വളരേണം.'

-എംസി


നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.10.2024

NERVEEDHI - OCTOBER 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ




**മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു? ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്**

**പ്രത്യാശ മരണത്തിനപ്പുറം.**

**ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശ വചനങ്ങൾ ഫലകരമായിത്തീരും.**

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

ഇപ്പോൾ ലഭ്യമാണ്

*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*

*Mob: 9495435336, 8547916678*
*www.nerveedhi.com*

വചനം പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്
ഏറ്റവും പ്രയോജനപ്രദമായ ക്രിസ്തീയ മാസിക

# നേർവീഥി

വായിക്കുക... വരിക്കാരാവുക

RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.